# താമരമൊട്ടുകൾ

വാല്യം 26 | ഏപ്രിൽ 2024 | ലക്കം 04 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# പുതിയ പ്രൊവിൻഷ്യൽ ടീമുകൾക്ക്
# അഭിനന്ദനങ്ങൾ... പ്രാർത്ഥനകൾ...


CST, St. Thomas Provincial Team


MSMI Mary Matha Provincial Team


Inauguration of
Thamarassery Agriculture Farmers Social Welfare Society (TAFCOS)










നോമ്പിലെ നാല്പതാം വെള്ളിയാഴ്ച താമരശ്ശേരി
മേരി മാതാ കത്തീഡ്രലിൽ നിന്നും കുളത്തുവയൽ തീർത്ഥാടന
കേന്ദ്രത്തിലേക്ക് നടത്തിയ 7-ാമത് തീർത്ഥാടനത്തിൽ നിന്ന്....










*താമരമൊട്ടുകൾ ഏപ്രിൽ 2024*

വാല്യം 26 ലക്കം 04

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു;
കാണാതെതന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ."
(യോഹ 20,29)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 175 |
| 2. | പ്രോഗ്രാം ഏപ്രിൽ 2024 | 176 |
| 3. | മെയ്ദിന സന്ദേശം 2024 | 254 |
| 4. | കച്ചേരിക്കാര്യം | 260 |
| 5. | ശതാബ്ദി നിറവിൽ ജഉഉങ സന്യാസ സമൂഹം | 265 |
| 6. | വിശ്വാസപരിശീലനം | 266 |
| 7. | മദ്ബഹ ശുശ്രൂഷ സംഘം (ടങ്ങഅഞ്ഞ) | 270 |
| 8. | ലിറ്റർജി കമ്മീഷൻ | 271 |
| 9. | സെമിനാരി വാർത്ത | 272 |
| 10. | ചെറുപുഷ്പ മിഷൻലീഗ് | 273 |
| 11. | തിരുബാലസഖ്യം | 276 |
| 12. | സ്റ്റാർട്ട് | 277 |
| 13. | ആൽഫ മരിയ അക്കാദമി | 282 |
| 14. | പോപ്പ് ജോൺ പോൾ കക ഇൻസ്റ്റിറ്റ്യൂട്ട് | 284 |
| 15. | കെസിവൈഎം-എസ്എംവൈഎം | 285 |
| 16. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 293 |
| 17. | യൂദിത്ത് ഫോറം | 294 |
| 18. | വിൻസെന്റ് ഡി പോൾ സൊസൈറ്റി | 294 |
| 19. | കരിസ്മാറ്റിക് മൂവ്മെന്റ് | 296 |
| 20. | ബഥാനിയ ധ്യാനകേന്ദ്രം | 297 |
| 21. | വികസനവേദി | 300 |
| 22. | യേശുനിധി | 303 |
| 23. | അജപാലനക്കുറിപ്പുകൾ | 304 |

# Birth Day Greetings



| Rev. Fathers | APRIL |
|---|---|
| Mattappilly Sebastian | 2 |
| Palliyodil Joseph Christie | 4 |
| Panthaladickal Joseph | 5 |
| Chelackal George | 7 |
| Koyipurath Jacob | 14 |
| Muttathukunnel Wilson | 14 |
| Srambickal Abraham | 12 |
| Puthusseriputhenpura George | 15 |
| Kochumundammalayil Francis | 16 |
| Vellamackal Francis | 17 |
| Puthiyaparambil Thomas | 18 |
| Alappattukottayil Joseph | 19 |
| Thittayil Mathew | 19 |
| Kumpuckal George | 21 |
| Kalathoor George | 23 |
| Mulangassery Mathew | 24 |
| Parankulangara Thomas | 25 |
| Puthanpurakkal Joseph | 25 |
| Chakkittamuriyil Thomas (Sr) | 28 |

Mar Remigiose Inchananiyil

# പ്രോഗ്രാം ഏപ്രിൽ 2024

| | | |
|---|---|---|
| 04 | ചൊവ്വ | ചമരദിനം: മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി |
| 05 | വെള്ളി | വേദസാക്ഷികളുടെ തിരുനാൾ |
| 07 | ഞായർ | പുതുഞായർ |
| 17 | ബുധൻ | വൈദിക – സമർപ്പിത സംഗമം |
| 20 | ശനി | ചമരദിനം: മോൺ. ഫ്രാൻസീസ് ആറുപറയിൽ |
| 24 | ബുധൻ | വി. ഗീവർഗ്ഗീസ് |
| 25 | വ്യാഴം | വി. മർക്കോസ് സുവിശേഷകൻ |
| 29 | തിങ്കൾ | സിയന്നായിലെ വി. കത്രീന |

# FEAST DAY GREETINGS
# APRIL

| | | |
|---|---|---|
| Asariparambil George | April | 24 |
| Chelackal George | | 24 |
| Cherupillattu Varkey | | 24 |
| Chemparathickal George | | 24 |
| Kalappurackal George | | 24 |
| Kalathoor Varghese | | 24 |
| Kalathoor George | | 24 |
| Karintholil George | | 24 |
| Karukamalil George | | 24 |
| Kumpuckal George | | 24 |
| Kuttikatt George | | 24 |
| Madathikunnel Varghese | | 24 |
| Moolechalil Varghese | | 24 |
| Mundackal George | | 24 |
| Mundanatt George | | 24 |
| Narivelil George | | 24 |
| Panackal Varghese | | 24 |
| Paimpillil George | | 24 |
| Purayidathil George | | 24 |
| Puthusseriputhenpura George | | 24 |
| Vellackakudiyil George | | 24 |
| Vellaramkalayil George | | 24 |
| Varikkassery George | | 24 |

Mar Remigiose Inchananiyil

# മെയ്ദിന സന്ദേശം 2024

**കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന**

**"തൊഴിലിനെയും തൊഴിലിന്റെ അന്തസ്സിനെയും നിഷേധിക്കുക എന്നതിനേക്കാൾ മോശമായ ഒരുദാരിദ്ര്യാവസ്ഥയില്ല" (ഫ്രാൻസിസ് പാപ്പ, ഫ്രത്തേലി തൂത്തി 162)**

ക്രിസ്തുവിൽ പ്രിയമുള്ള സഹോദരീ സഹോദരന്മാരേ,

അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റെ സർവ്വവിധ മംഗള ങ്ങളും എല്ലാ തൊഴിലാളി സഹോദരങ്ങൾക്കും ആശംസിക്കുന്നു. തൊഴിലാളി സമൂഹത്തോടുള്ള തിരുസ്സഭയുടെ പ്രത്യേക കരുത ലിന്റെ പ്രതീകമെന്ന നിലയിൽ മെയ് ഒന്നിനു തന്നെയാണ് ആഗോള കത്തോലിക്കാസഭ തൊഴിലാളിയായ വിശുദ്ധ യൗസേപ്പി താവിന്റെ തിരുനാൾ ആചരിച്ചു വരുന്നത്. നമ്മുടെ നാഥനും രക്ഷ കനുമായിരുന്ന യേശുവും തൊഴിലാളിയായിരുന്നുവെന്നു (മർക്കോ 6,3) നമുക്ക് ഓർക്കാം.

"ദൈവം നടത്തുന്ന സൃഷ്ടികർമ്മത്തിൽ മാത്രമല്ല, രക്ഷാകർമ്മത്തിലും തൊഴിലിലൂടെ മനുഷ്യർ പങ്കുചേരുന്നുവെന്നാണ്" തിരുസ്സഭ പഠിപ്പിക്കുന്നത് (263, തിരുസ്സഭയുടെ സാമൂഹിക പ്രബോധനം- സംക്ഷേപം). തൊഴിലിനും തൊഴിലിന്റെ കർത്താവായ തൊഴിലാളിക്കും ഏറ്റവും ഉന്നതമായ സ്ഥാനമാണ് തിരുസ്സഭ കല്പിച്ചനുവദിച്ചിട്ടുള്ളത്.

പരിശുദ്ധ ഫ്രാൻസിസ് പാപ്പയുടെ നേതൃത്വത്തിൽ തിരു സ്സഭയെ സിനഡൽ സഭയായി രൂപപ്പെടുത്താനുള്ള ശ്രമത്തിലാണ്. എല്ലാ വിശ്വാസികളുടെയും ഒത്തൊരുമയിലും പങ്കാളിത്തത്തിലും പ്രേഷിതത്വത്തിലും സജീവതയോടെ നിറഞ്ഞു നിൽക്കുന്നതാണ് സിനഡൽ സഭ. സിനഡൽ സഭയുടെ ആവിർഭാവത്തിനായി പരി ശുദ്ധ പിതാവിന്റെ ഈ പ്രവർത്തനത്തിൽ എല്ലാ തൊഴിലാളികളും സജീവമായി പങ്കുചേരണമെന്നു ആഹ്വാനം ചെയ്യുന്നു.

സിനഡൽ സഭ രൂപപ്പെടുത്താനുള്ള അല്മായരുടെ സവി ശേഷ പ്രവർത്തനമേഖലകളെയും രീതികളെയും സംബന്ധിച്ച് സിനഡ് സമ്മേളനത്തിന്റെ അവസാനം പുറത്തിറക്കിയ സിനർജി രേഖയിൽ ഇങ്ങനെ വിവരിക്കുന്നു. "പൊതുനന്മയ്ക്കുവേണ്ടിയും, മനുഷ്യജീവിത ത്തിന്റെ അന്തസ്സുയർത്തുന്നതിനുവേണ്ടിയുമുള്ള പ്രവർത്തനങ്ങളിൽ പ്രതിബദ്ധതയോടെ ഏർപ്പെടുക എന്നത് എല്ലാ ക്രൈസ്തവരുടെയും ചുമതലയാണ്. അതിനായി സഭയുടെ സാമൂഹിക സിദ്ധാന്തങ്ങളിൽ നി ന്നും പ്രചോദനം ഉൾക്കൊണ്ടു കൊണ്ട്, ഒത്തൊരുമിച്ച് സമൂഹത്തിലെ സാമൂഹികസന്നദ്ധ സംഘടനകൾ, ട്രേഡ് യൂണിയനുകൾ, ജന കീയമുന്നേറ്റങ്ങൾ, ഗ്രാസ്റൂട്ട് സംഘടനകൾ, രാഷ്ട്രീയമണ്ഡലം എന്നിങ്ങനെയുള്ള മേഖലകളിൽ അൽമായർ പ്രവർത്തനസജ്ജരാക ണം" (1,4,ഴ, സിനർജി ഡോക്കുമെൻറ് 28-10-2023).

"എല്ലാവർക്കും സാമൂഹിക നീതിയും അന്തസ്സുള്ള തൊ ഴിലും" എന്നതാണ് ഈ വർഷത്തെ മെയ്ദിന ചിന്താവിഷയം. നീതിനിഷ്ഠ മായ സമൂഹം രൂപപ്പെടണമെങ്കിൽ 'അന്തസ്സുള്ള തൊ ഴിൽ' എല്ലാ വർക്കും ലഭ്യമാകണം. അന്താരാഷ്ട്ര തൊഴിൽ സംഘടന (കഘഛ) അന്തസ്സുള്ള തൊഴിലിനായുള്ള അജണ്ട പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏത് തൊഴിലിൽ ഏർപ്പെടുന്നവർക്കും ആവശ്യത്തിന് തൊഴിലും, തൊഴിൽ അവകാശങ്ങളും, സാമൂഹിക സുരക്ഷയും ലഭ്യമാക്കുക എന്നതാണ് അന്തസ്സുള്ള തൊഴിൽ എന്ന പദം കൊണ്ട് ഐ. എൽ. ഒ. ലക്ഷ്യം വയ്ക്കുന്നത്. അൻപ ത്തഞ്ച് കോടിയോളം തൊഴിലാളികൾ ഇന്ത്യയിൽ ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇവരിൽ 94 ശതമാനം പേരും അസംഘടിത തൊഴിലാളികളാണ്. സംഘടന യില്ലാത്തവർ മാത്രമല്ല, അസംഘടിത തൊഴിലാളികൾ. പ്രത്യുത, തൊ ഴിൽ സംരക്ഷണം, നിയമപരിരക്ഷ, സാമൂഹിക സുരക്ഷ എന്നിവ ലഭ്യ മല്ലാത്തവരാണ് ഇവർ. മറ്റൊരു രീതിയിൽ പറഞ്ഞാൽ ഇന്ത്യയിലെ തൊഴിലെടുക്കുന്നവരിലെ ബഹുഭൂരിപക്ഷവും 'അന്തസ്സില്ലാത്ത തൊ ഴിൽ' ചെയ്യുന്നവരാണെന്നതാണ്. രാജ്യത്ത് നിതാന്തമായി തുടരുന്ന ദാരിദ്ര്യത്തിന്റെ പ്രധാന കാരണം ബഹുജനങ്ങളുടെ തൊഴിലിന്റെ അസംഘടിതാവസ്ഥയാണ്.

ചെറുകിടകർഷകരും, കർഷകത്തൊഴിലാളികളും ഉൾപ്പെട്ടവ രാണ് എറ്റവും വലിയ തൊഴിൽവിഭാഗം. നിർമ്മാണത്തൊഴി ലാളികൾ, മത്സ്യത്തൊഴിലാളികൾ, ഗാർഹികതൊഴിലാളികൾ, സ്വയം തൊഴിലധി ഷ്ഠിതർ തുടങ്ങി നൂറ്റിയിരുപത്തഞ്ചിൽപരം തൊഴിൽ വിഭാഗങ്ങളെ

സർക്കാർ ലിസ്റ്റ് ചെയ്തിട്ടുണ്ട്. സംഘടിത മേഖലയിലെ അസംഘടിത തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചു വരുന്നുവെന്നത് സമകാലിക പ്രതിഭാസമാണ്. ജിഗ് വർക്കേഴ്സ്, പ്ലാറ്റ്ഫോം വർക്കേഴ്സ് തുടങ്ങിയവർ പുതിയ തൊഴിൽ വിഭാഗങ്ങ ളാണ്. 94 ശതമാനം വരുന്ന അസംഘടിത തൊഴിലാളികളിൽ 11 ശതമാനം പേരും സംഘടിത മേഖലയിലാണെന്നാണ് പുതിയ കണ്ടെത്തലുകൾ വെളിപ്പെടുത്തുന്നത്. അസംഘടിത തൊഴിലാ ളികളിൽ വലിയ വിഭാഗം കുടിയേറ്റ തൊഴിലാളികളുമാണ്.

എല്ലാ അസംഘടിത തൊഴിലാളികൾക്കും അന്തസ്സുള്ള തൊഴിൽ ലഭ്യമാക്കേണ്ടത് രാഷ്ട്രത്തിന്റെ ചുമതലയാണ്. എന്നാൽ ഈ വിഭാഗം എണ്ണത്തിൽ വലുതാണെങ്കിലും സുസംഘടിതരല്ലാ ത്തതിനാൽ വിലപേശൽ ശക്തി തീരെ കുറഞ്ഞവരാണ്. ആയതിനാൽ ഭരണാധികാരികളുടെയും, രാഷ്ട്രീയ നേതൃത്വത്തി ന്റെയും ട്രേഡ് യൂണിയനുകളുടെയും ശ്രദ്ധപിടിച്ചുപറ്റി സമ്മർദ്ദ ശക്തി ആകാൻ സാധിക്കാതെ വന്നിരിക്കുകയാണ്. ഇതുമൂലം ഈ വിഭാഗം കൂടുതൽ അവഗണിക്കപ്പെടുകയും ദാരിദ്ര്യത്തിലേക്കും അരക്ഷിതാവസ്ഥയിലേക്കും നിപതിക്കുകയും ചെയ്യുന്നു. അജ്ഞ തയും ആവശ്യമായ മാർഗനിർദ്ദേശ സംവിധാനങ്ങളുടെ അപര്യാ പ്തതയും മൂലം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരി ച്ചിട്ടുള്ള ചുരുക്കം ചില സാമൂഹിക സുരക്ഷാപദ്ധതികളിൽ പോലും അംഗങ്ങളാകാൻ ഇവർ വിമുഖരാണ്. ഇതുമൂലം പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാകാൻ ഇടയാകുന്നു. രാജ്യത്തെ ഏറ്റവും പിന്നാക്കം നിൽക്കുന്ന ദരിദ്രജന വിഭാഗമായി അസം ഘടിത തൊഴിലാളികൾ പരിണമിച്ചിരിക്കുന്നു. വിലക്കയറ്റം, പ്രകൃതിദുരന്തങ്ങൾ, കലാപങ്ങൾ എന്നിവയുടെ ആദ്യത്തെ ഇരകളായി ഈ വിഭാഗം മാറുന്നു.

'മനുഷ്യാന്തസും സാമൂഹിക നീതിയുമാണ്' തിരുസ്സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ പ്രധാന അന്തസ്സത്ത. "ഇക്കാലത്തെ മനുഷ്യരുടെ, വിശിഷ്യ ദരിദ്രരുടെയും പീഡിതരുടെയും സന്തോഷങ്ങളും പ്രതീക്ഷകളും വ്യസനങ്ങളും ഉൽക്കണ്ഠകളും ക്രൈസ്തവരുടേതു കൂടിയായതുകൊണ്ട്" (സഭ ആധുനിക ലോകത്തിൽ 1) തിരുസ്സഭ തൊഴിലാളികളുടെ പ്രശ്നങ്ങളിൽ തത്പരരായിരിക്കുന്നു. ബേത്സെഥാ കുളക്കരയിൽ ആരും സഹാ യിക്കാനില്ലാത്തതുമൂലം (യോഹ 5,7) നീണ്ട മുപ്പത്തെട്ടു വർഷ ക്കാലം ശയ്യാവലംബിയായ ഒരു രോഗിയെക്കുറിച്ച് സുവിശേഷ ത്തിൽ പറയു

ന്നുണ്ട്. ആ രോഗിയെ യേശു സുഖപ്പെടുത്തി മനുഷ്യാന്തസ്സിലേക്ക് ഉയർത്തുന്നുണ്ട്. ആരെങ്കിലും സഹായിക്കാ നെത്തും എന്ന പ്രതീക്ഷയിൽ വർഷങ്ങളായി സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റി നിറുത്തപ്പെട്ടിരിക്കുന്ന അസംഘ ടിത തൊഴിലാളികളെ സഹായിക്കേണ്ടത് എല്ലാ ക്രൈസ്തവരു ടെയും കർത്തവ്യമാണെന്ന കാര്യം വിസ്മരിക്കരുത്.

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷന്റെ ഔദ്യോഗിക സംഘടനയായ കേരള ലേബർ മൂവ്മെൻറ് അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ക്ഷേമത്തിനുമായി പ്രവർത്തിച്ചുവരുന്നു. ഒരു സർക്കാരിതര സം ഘടനയായ കെ.എൽ.എംന്റെ ആഭിമുഖ്യത്തിൽ എട്ട് തൊഴിലാളി ഫോറങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാന– കേന്ദ്ര സർക്കാ രുകളുടെ വിവിധ തൊഴിലാളി ക്ഷേമനിധികളിൽ തൊഴിലാളികളെ അംഗങ്ങളാക്കിക്കൊണ്ട് അവരുടെ സാമൂഹിക സുരക്ഷ ഉറപ്പാ ക്കാൻ ശ്രമിക്കുന്നു. സ്വയം സഹായസംഘങ്ങൾ പോലെയുള്ള പ്രവർത്തനങ്ങൾ വഴി തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും ശ്രമിക്കുന്നു. സഭയുടെ നേതൃത്വത്തിലുള്ള വിദ്യാഭ്യാസ–സാമൂഹിക– അഗതീപരിപാലനം തുടങ്ങിയ എല്ലാ ശുശ്രൂഷകളും പോലെ സഭയുടെ തൊഴിലാളി ശുശ്രൂഷയും എല്ലാവർക്കും വേണ്ടിയുള്ളതാണ്. അഖിലേന്ത്യാ തലത്തിലുള്ള വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ കേരള ഘടകമാണ് കെ. എൽ. എം.

സഭാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ രൂപപ്പെടുത്താനുള്ള നടപടികൾക്ക് വേണ്ട ഒത്താശ നൽകാനായി കെ. സി. ബി. സി ചുമതലപ്പെടുത്തിയിരിക്കുന്നത് കെ. എൽ. എം. നെയാണ്. ഇക്കാര്യങ്ങൾക്ക് ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ രൂപതകൾക്കും സന്യസ്ത സമൂഹങ്ങൾക്കും കെ. എൽ. എം. ലഭ്യമാക്കുന്നതാണ്.

1974 ലാണ് കേരള ലേബർ മൂവ്മെൻറ് പ്രവർത്തനം തുടങ്ങി യത്. ഈ വർഷം സുവർണ്ണ ജൂബിലി വർഷമാണ്. ലേബർ കോൺ ക്ലേവ്– സെമിനാറുകൾ, വിവിധ ഇനം മത്സരങ്ങൾ തുടങ്ങിയ വ്യത്യസ്ത പരിപാടികൾ ജൂബിലിയോടനുബന്ധിച്ച് നടത്തുവാൻ ആസൂത്രണം ചെയ്തിട്ടുണ്ട്. ജൂബിലി ആഘോഷങ്ങളുടെ സമാ പനദിവസം എറണാകുളത്ത് നടക്കുന്ന റാലിയിലും പൊതു സമ്മേളനത്തിലും ഓരോ രൂപതാ ഘടകത്തിൽ നിന്നും പരമാവധി പ്രവർത്തകരെ പങ്കെടുപ്പിക്കേണ്ടതാണ്.

എല്ലാ ഇടവകകളിലും കെ. എൽ. എം. ന്റെയും തൊഴിലാളി ഫോറങ്ങളുടെയും യൂണിറ്റുകൾ ആരംഭിക്കാൻ മുൻകൈ എടുക്കുവാൻ അഭ്യർത്ഥിക്കുന്നു. ഇടവകയിലെ എല്ലാ തൊഴിലാളികളെയും സാമൂഹിക സുരക്ഷാസംരക്ഷണത്തിൻ കീഴിൽ കൊണ്ടുവരുന്ന തിനയുള്ള പ്രത്യേക പദ്ധതി ജൂബിലി വർഷം പ്രമാണിച്ച് നടപ്പിലാ ക്കുന്നത് നല്ലതാണ്. മെയ്ദിനത്തോടനുബന്ധിച്ച് തൊഴിലാളികൾ ക്കായുള്ള ദിവ്യബലി, സാമൂഹിക സുരക്ഷാ കാമ്പെയ്ൻ, സെമിനാ റുകൾ തുടങ്ങിയ വിവിധ പരിപാടികളോടെ മെയ്ദിനം എല്ലാ ഇടവകകളിലും സമുചിതമായി ആചരിക്കുവാൻ അഭ്യർത്ഥി ക്കുന്നു.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും തൊഴി ലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ സ്വർഗീയ മാദ്ധ്യസ്ഥവും എല്ലാ തൊഴിലാളി സഹോദരങ്ങളുടെ മേൽ ഉണ്ടാകട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട്, എല്ലാവർക്കും ഒരിക്കൽ കൂടി മെയ്ദിനാശംസകൾ നേരുന്നു.

ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ

(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

ബിഷപ്പ് മാർ ജോസ് പൊരുന്നേടം

(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

ബിഷപ്പ് മാർ ജോർജ് മഠത്തികണ്ടത്തിൽ

(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**NB:** 2024 ഏപ്രിൽ 28 ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഇതു വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കച്ചേരിക്കാര്യം

1. New appointments

Fr. Emmanuel Maniyamkulath OSFS - Relieved

2. മെത്രാഭിഷേകദിനം

രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ മെത്രാഭിഷേകദിനം ഏപ്രിൽ 8–ാം തീയതിയാണ്. മേൽപ്പട്ട ശുശ്രൂഷയിൽ 14 വർഷം പൂർത്തിയാക്കുന്ന അഭിവന്ദ്യ പിതാവിന് അനുമോദനങ്ങൾ നേരുകയും പിതാവിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. ഏറ്റെടുത്തിരിക്കുന്ന ഇടയധർമ്മം ദൈവഹിതപ്രകാരം തുടർന്നും നിർവ്വഹിക്കുന്നതിന് ആവശ്യമായ ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നതിനൊപ്പം ഇടവകജനങ്ങളെ ഇക്കാര്യം അറിയിക്കുകയും അന്നേദിവസം പ്രാർത്ഥിക്കുവാൻ ഓർമ്മിപ്പിക്കുകയും ചെയ്യുമല്ലോ.

3. ദുഃഖവെള്ളി പിരിവ്

ദുഃഖവെള്ളിയാഴ്ച എടുക്കുന്ന പ്രത്യേക സ്തോത്രക്കാഴ്ച വിശുദ്ധ നാടുകളുടെ സംരക്ഷണത്തിനുവേണ്ടി ഉപയോഗിക്കുന്ന തിനാൽ, എത്രയുംവേഗം രൂപതാകേന്ദ്രത്തിൽ അത് എത്തിക്കേണ്ടതാണ്.

4. യേശുനിധി

യേശുനിധിയ്ക്ക് സമാഹരിച്ച തുകകൾ എത്രയും വേഗം രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കണം. മെയ് മാസം മുതൽ പുതിയ അപേക്ഷകൾ യേശുനിധിയിലേക്ക് സ്വീകരിക്കുന്നതാണ്. അപേക്ഷകൾ സമർപ്പിക്കുമ്പോൾ അവരുടെ അക്കൗണ്ട് നമ്പറും പാസ്ബുക്കിന്റെ കോപ്പിയും അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ് എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

Account detail:

Account Name : Yesunidhi

A/c No. : 0428053000000270

Branch : Thamarassery

IFSC : SIBL0000428

5. വൈദികരുടെ സ്ഥലമാറ്റം

രൂപതയിലെ വൈദികരുടെ സ്ഥലമാറ്റം 2024 മെയ് 11 ശനിയാഴ്ച യാണ്. മെയ് 12 ഞായറാഴ്ച പുതിയ സ്ഥലങ്ങളിൽ ബഹു. വൈദികർ ഉത്തരവാദിത്തമേൽക്കേണ്ടതാണ്.

6. രൂപതാദിനം (ഏപ്രിൽ 28)

താമരശ്ശേരി രൂപതയുടെ 38–ാമത് രൂപതാദിനം ഏപ്രിൽ 28 ഞായറാഴ്ചയാണ്. ഈവർഷം ഇടവകാതലത്തിൽ രൂപതാദിന ആഘോഷങ്ങൾ നടത്തുവാനും കൃതജ്ഞതാബലി അർപ്പിക്കാനും ശ്രദ്ധിക്കുമല്ലോ.

7. രൂപതാവിഹിതം (7.5%)

രൂപതാനിയമാവലിയിൽ പറഞ്ഞിരിക്കുന്നതുപോലെ ഇടവക യുടെ വാർഷിക വരുമാനത്തിന്റെ 7.5% രൂപതാവിഹിതമായി നൽകേ ണ്ടതാണ്. വാർഷിക തിരട്ട് പാസാക്കുന്നതിനും പുതുതായി തെര ഞ്ഞെടുക്കപ്പെടുന്ന കൈക്കാരന്മാരുടെ പേരുകൾ അംഗീകാരത്തിനാ യി സമർപ്പിക്കുന്നതിനും മുമ്പ് രൂപതാവിഹിതം അടച്ചുതീർക്കേണ്ടതാ ണ്. രൂപതാവിഹിതം ഫൊറോനകേന്ദ്രങ്ങളിൽ വച്ച് താഴെപ്പറയുന്ന തീയതികളിൽ സ്വീകരിക്കുന്നതാണ്.

| | | | |
|---|---|---|---|
| ഏപ്രിൽ 29 – | 3.00 pm | – | കരുവാരകുണ്ട് |
| എപ്രിൽ 30 – | 9.30 am | – | പെരിന്തൽമണ്ണ |
| | 3.00 pm | – | മലപ്പുറം |
| മെയ് 1 – | 9.30 am | – | തിരുവമ്പാടി |
| | 3.00 pm | – | തോട്ടുമുക്കം |
| മെയ് 2 – | 10.00 am | – | മരുതോങ്കര, വിലങ്ങാട് |
| | 3.00 pm | – | കൂരാച്ചുണ്ട് |

| | | | | |
|---|---|---|---|---|
| മെയ് 6 – | 10.00 | am | – | പാറോപ്പടി |
| | 3.00 | pm | – | താമരശ്ശേരി |
| മെയ് 7 – | 10.00 | am | – | കോടഞ്ചേരി |

8. പൊതുയോഗം & കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പ്

2024 ഏപ്രിൽ മാസത്തിൽ നിയമപരമായി പൊതുയോഗം വിളിച്ചുകൂട്ടി ആണ്ടുതിരട്ട് പാസാക്കുകയും പുതിയ കൈക്കാരന്മാരെ തിരഞ്ഞെടുക്കുകയും ചെയ്യണം. കൈക്കാരന്മാരിൽ ഒരാൾ 25 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളിൽ നിന്നും ആയിരിക്കുന്നത് അഭികാമ്യമാണ്. പുതിയ കൈക്കാരന്മാർ മെയ് 12–ാം തീയതിയ്ക്കുള്ളിൽ വി. കുർബാനമദ്ധ്യേ സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏൽക്കേണ്ടതാണ്.

അജപാലനപ്രവർത്തന ശുശ്രൂഷയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ് രീതിക്ക് കഴിഞ്ഞ വർഷം നൽകിയ നിർദ്ദേശം പിന്തുടരാവുന്നതാണ്. ഇടവകയിലെ ഓരോ കുടുംബക്കൂട്ടായ്മയിൽ നിന്നും ഒരാളെ കൈക്കാരന്മാരുടെ പാനലിലേക്ക് തിരഞ്ഞെടുക്കുന്നു. ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്നവരുടെ പേരുകൾ വീണ്ടും എല്ലാ ഭവനങ്ങളിലേക്കും നൽകുകയും ഇടവകയുടെ സാഹചര്യമനുസരിച്ച് മൂന്നോ നാലോ പേരുകൾ തിരഞ്ഞെടുക്കാൻ നിർദ്ദേശിക്കുന്നു. കൂടുതൽ വോട്ടു കിട്ടിയവരുടെ പേരുകൾ പൊതുയോഗത്തിന്റെ അംഗീകാരത്തോടെ (പള്ളിയോഗ നടപടിക്രമങ്ങൾ 2.13; 42; 43) രൂപതാകച്ചേരിയിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

9. വാർഷികധ്യാനം

ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനം 2024 ജൂലൈ 7 മുതൽ 12 വരെ പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നു. ജൂലൈ മാസത്തിലെ പരിപാടികൾ അതിനനുസരിച്ച് ക്രമീകരിക്കുമല്ലോ. ധ്യാനത്തിൽ സംബന്ധിക്കാൻ ആർക്കെങ്കിലും കാര്യമായ അസൗകര്യം ഉണ്ടെങ്കിൽ മുൻകൂട്ടി രൂപതാകാര്യലയത്തിൽ അറിയിക്കുകയും അനുവാദം വാങ്ങുകയും ചെയ്യേണ്ടതാണ്. പിന്നീട് വാർഷികധ്യാനം നടത്തിയ വിവരം രൂപതാകാര്യാലയത്തെ അറിയിക്കേണ്ടതുമാണ്. ധ്യാനത്തിനു വരുമ്പോൾ കുർബാനക്കണക്കുപുസ്തകം പരിശോധനയ്ക്കായി കൊണ്ടുവരുവാൻ ഓർക്കുമല്ലോ.

10. നാൽപതു മണി ആരാധന

റൂബി ജൂബിലിയുടെ ഭാഗമായി നടത്തിവരുന്ന നാൽപതുമണി

ആരാധന 2024 ഏപ്രിൽ 8 മുതൽ മെയ് 18 വരെ താമരശ്ശേരി ഫൊറോനയിലാണ് ക്രമീകരിച്ചിരിക്കുന്നത്.

| | | |
|---|---|---|
| കട്ടിപ്പാറ | ഏപ്രിൽ | 8, 9, 10, 11 |
| കൂടത്തായി | ഏപ്രിൽ | 12, 13, 15, 16 |
| കൂമുള്ളി | ഏപ്രിൽ | 17, 18, 19, 20 |
| മൈലെള്ളാംപാറ | ഏപ്രിൽ | 22, 23, 24, 25 |
| നൂറാംതോട് | ഏപ്രിൽ | 26, 27, 29, 30. |
| പുതുപ്പാടി | മെയ് | 1, 2, 3, 4. |
| തലയാട് | മെയ് | 6, 7, 8, 9 |
| വയലിട | മെയ് | 10, 11, 13, 14 |
| വള്ളിയാട് | മെയ് | 15, 16, 17, 18 |

11. നന്ദി, പ്രാർത്ഥനാശംസകൾ

രൂപതയുടെ അജപാലന പ്രവർത്തനങ്ങളിൽ നിന്ന് പുതിയ സേവന രംഗത്തേയ്ക്ക് മാറിപ്പോകുന്ന അടയ്ക്കാക്കുണ്ട് ഇടവക വികാരിയായിരുന്ന ബഹു. ഫാ. എമ്മാനുവൽ മാണികുളത്ത് ഛടഎട, രൂപതാസമൂഹത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു.

12. ആദരഞ്ജലികൾ

ബഹു. ജോസ് പുത്തേട്ടുപടവിൽ അച്ചന്റെ പിതാവ് ചെറിയാൻ പുത്തേട്ടുപടവിൽ (89) 2024 മാർച്ച് 19 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 20–ാം തീയതി ചെമ്പനോട ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. ജോസച്ചനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

13. സ്മരണാഞ്ജലി

| | |
|---|---|
| 02–04–1990 – | റവ. ഫാ. സേവ്യർ കണിയാന്തറ |
| 04–04–2006– | മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി |
| 10–04–1977 – | റവ. ഫാ. ജോസഫ് കൊല്ലംപറമ്പിൽ |
| 20–04–1972 – | റവ. ഫാ. മാത്യു പാലമറ്റം |
| 20–04–2012 – | മോൺ. ഫ്രാൻസീസ് ആറുപറയിൽ |
| 29–04–1997 – | റവ. ഫാ. ജോർജ് സ്രാമ്പിക്കൽ |
| 29–04–1968 – | റവ. ഫാ. ജോർജ് പുനക്കാട്ട് |
| 29–04–1999 – | റവ. ഫാ. ജോസഫ് വെട്ടിക്കുഴിച്ചാലിൽ |

**പ്രോട്ടോസിഞ്ചെല്ലൂസ്**

# ശതാബ്ദി നിറവിൽ PDDM സന്യാസ സമൂഹം

സിസ്റ്റർ ഡിസിപ്പിൾസ് ഓഫ് ദി ഡിവൈൻ മാസ്റ്റർ (ജഉഉങ) സന്യാസ സമൂഹത്തിന്റെ ശതാബ്ദി ആഘോഷം 2024ൽ ആഘോഷിക്കുന്നു. തിരുസക്രാരിയുടെ ചുവട്ടിൽ ഇരുന്ന് എളിമയോടെ പ്രാർത്ഥി ക്കുന്ന ഈ സന്യാസമൂഹം കഴിഞ്ഞ 100 വർഷക്കാലത്തിനുള്ളിൽ അതിന്റെ വ്യാപ്തി ലോകത്തിന്റെ അതിർത്തികൾ വരെ വിപുലീകരിച്ചിരിക്കുന്നു. ദിവ്യകാരുണ്യനാഥനോടുള്ള അഗാധമായ സ്നേഹത്തിലും ഭക്തിയിലും ആഴപ്പെട്ട് ആ സ്നേഹസാന്നിധ്യത്തെ പ്രഘോ ഷിക്കുന്നതിലും അവിടുത്തെ ആരാധിക്കുന്നതിലും അടിയുറച്ച ഒരു സന്യാസ സമൂഹത്തെ പടുത്തുയർത്തുക എന്നത് സഭാസ്ഥാപകനായ വാഴ്ത്തപ്പെട്ട ജയിംസ് അൽബറോൺ ദർശിച്ച സ്വപ്നമായിരുന്നു.

വാഴ്ത്തപ്പെട്ട ജെയിംസ് അൽബറോൺ വളർത്തിക്കൊണ്ടുവന്ന ഈ സഭാസമൂഹം ദൈനംദിന ആരാധനയോടെ അതിനു തുടക്കം കുറിച്ചു. ദിവ്യകാരുണ്യസ്നേഹത്തിൽ അടിസ്ഥാനമിട്ട ഈ സമൂഹം ആരാധനക്രമ ശുശ്രൂഷയിലും സുവിശേഷവത്ക്കരണത്തിലും സജീവമാണ്. 1954 ൽ ഇന്ത്യയിൽ ആഴത്തിൽ വേരുകൾ ഉറപ്പിച്ച പി.ഡി.ഡി.എം. സഹോദരിമാർ ദിവ്യകാരുണ്യനാഥനെ കല, വിദ്യാഭ്യാസം, ഗാനം, നൃത്തം, ദൈവശാസ്ത്ര പരിശീലനം, കൗൺസിലിംഗ്, സുവിശേഷപ്രഘോഷണം, ആരോഗ്യ സംരക്ഷണം, പ്രായമായ വൈദികരെ ശുശ്രൂഷിക്കുക തുടങ്ങിയവയിലൂടെ പ്രഘോഷിക്കുന്നു. കഴിഞ്ഞ 100 വർഷക്കാലത്തോളം തങ്ങളെ നയിച്ച ദൈവത്തിനു മുൻപിൽ കൂപ്പുകരങ്ങളോടെ ഇവർ നിൽക്കുമ്പോൾ അവിടുന്ന് ചൊരിഞ്ഞ അപരിമേയമായ സ്നേഹവും കാരുണ്യവും വാക്കുകൾക്ക് അതീതമാണെന്നുള്ളത് ജീവിതം കൊണ്ടുള്ള പ്രകീർത്തനമാക്കി അവർ മാറ്റുന്നു. പുതിയ ദൗത്യ മേഖലകളിലേക്ക് യാത്രയാകുമ്പോൾ തുടർന്നും വാഴ്ത്തപ്പെട്ട ജെയിംസ് അൽബറോൺ തങ്ങളെ ഏൽപ്പിച്ച ജീവിതദർശനങ്ങൾ പ്രാവർത്തികമാക്കാൻ ദൈവത്തിന്റെ കൃപയും അനുഗ്രഹവും കൂടുതലായി ഇവർക്കു ലഭിക്കട്ടെ.

പി.ഡി.ഡി.എം. സന്യാസിനി സമൂഹത്തിന് ശതാബ്ദിയുടെ എല്ലാവിധ ആശംസകളും താമരശ്ശേരി രൂപതാ കുടുംബം നേരുന്നു.

# വിശ്വാസപരിശീലനം

മേഖലാ പഠനശിബിരങ്ങൾ

2024 വർഷത്തെവിശ്വാസോത്സവത്തിന്റെ മേഖല പഠനശിബിരങ്ങൾ മാർച്ച് 9 ശനിയാഴ്ച വിവിധ മേഖലകളിൽ നടന്നു. രൂപതയിൽ നിന്ന് പരിശീലനം ലഭിച്ച അഞ്ചംഗ ടീം മേഖലാ പഠനശിബിരങ്ങൾക്ക് നേതൃത്വം കൊടുത്തു. ഏപ്രിൽ 2 മുതൽ 5 വരെ വിവിധ ഇടവകകളിൽ വിശ്വാസോത്സവം നടക്കുന്നതാണ്.

ACC 13, 14 പരീക്ഷകൾ

ഈ വിശ്വാസപരിശാലന വർഷത്തെ ACC 13, 14 ക്ലാസ്സുകൾ 18 എണ്ണം പൂർത്തിയായി. അഇഇ 13,14 ന്റെ ഓൺലൈൻ പരീക്ഷ ഏപ്രിൽ 27, 28 തീയ്യതികളിൽ നടക്കുന്നതാണ്. ACC 13 ന്റെ ഓൺലൈൻ പരീക്ഷ ഏപ്രിൽ 27 ശനി 8.45 pm മുതൽ 9.15 pm വരെയും ACC 14 ന്റെ ഓൺലൈൻ പരീക്ഷ ഏപ്രിൽ 28 ഞായർ 8.45 pm മുതൽ 9.15 pm വരെ നടക്കുന്നതാണ്.

മീഡിയ കാറ്റക്കേസിസ്

മീഡിയ വിശ്വാസ പരിശീലനത്തിന്റെ ഭാഗമായി എമശവേ ടലേു എന്ന ഒരു പ്രോഗ്രാം പുതിയതായി ആരംഭിച്ചു. 2024 വിശ്വാസപരിശീലന വർഷത്തിൽ വിവിധ ഇടവകകളിൽ വിശ്വാസ പരിശീലന മേഖലയിൽ നടത്തിയ പുതിയ തുടക്കങ്ങളെ അവതരിപ്പിക്കുന്ന പ്രോഗ്രാം ആണിത്. കോടഞ്ചേരി, കുളിരാമുട്ടി, ചിപ്പിലിത്തോട് എന്നിവിടങ്ങളിലെ പ്രധാനാധ്യാപകർ പ്രോഗ്രാം അവതരിപ്പിച്ചു.

Faith @ Parish

കണ്ണോത്ത്, ചിപ്പിലിത്തോട് തുടങ്ങിയ ഇടവകകളിൽ രൂപതാ ഡയറക്ടർ സന്ദർശിക്കുകയും ഇടവകയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ വിലയിരുത്തുകയും അധ്യാപകരെ lv നിർദ്ദേശ ങ്ങൾ നൽകുകയും ചെയ്തു.

ഇന്റർവ്യൂ

2023 വിശ്വാസപരിശീലന വർഷം 13 റാങ്ക് നേടിയ അനുമോൾ (കുണ്ടുതോട് ഇടവക) പുതുതായി പരീക്ഷയെഴുതുന്ന യുവജനങ്ങളോട്

സംസാരിച്ചു. കാറ്റക്കിസം യൂട്യൂബ് ചാനലിലൂടെ അനുമോൾ ഷെയർ ചെയ്ത ചിന്തകൾ യുവജനങ്ങൾക്ക് തുടർവിശ്വാസ പരിശീലനത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്ന തരത്തിലാ യിരുന്നു.

Faith @ Home

റൂബി ജുബിലിക്കൊരുക്കമായ് വേദപാഠ വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്കായ് ക്രമീകരിച്ചിരിക്കുന്ന Faith @ Home സെമിനാ റുകൾ വിവിധ ഇടവകകളിൽ നടന്നുകൊണ്ടിരിക്കുന്നു. പാറോപ്പടി, പെരിന്തൽമണ്ണ, കരുവാരകുണ്ട് മേഖലയിൽ എല്ലാ ഇടവകയിലും Faith @ Home പൂർത്തിയായി. വിലങ്ങാട്, താമരശ്ശേരി മേഖലകളിൽ വിവിധ ഇടവകകളിൽ പ്രോഗ്രാം നടന്നുകൊണ്ടിരിക്കുന്നു.

വിശ്വാസോത്സവം – വർക്ക് ബുക്ക് വിതരണം

ഏപ്രിൽ 2 മുതൽ 5 വരെ നടക്കുന്ന വിശ്വാസോത്സവ വർക്കുബുക്കുകൾ ഫെബ്രുവരി 23 മുതൽ വിതരണം ആരംഭിച്ചു. ഏകദേശം എല്ലാ ഇടവകക്കാരും വർക്കുബുക്കുകൾ കുട്ടികൾക്കും അധ്യാപകർക്കും എത്തിച്ചുകൊടുക്കുകയും മേഖലാതല പഠനശിബിരത്തിൽ അധ്യാപകർ വർക്കുബുക്കുമായി വരുകയും ചെയ്തു.

ASPCT Winners Group

ഓരോ ഇടവകയിൽ നിന്നും ASPCT പരീക്ഷയിൽ 1, 2 റാങ്കുകൾ നേടിയ അധ്യാപകരുടെ രൂപതാ തല രണ്ടാം റൗണ്ട് ഓൺലൈൻ പരീക്ഷയെ ലക്ഷ്യമാക്കികൊണ്ട് ASPCT Winners Group രൂപീകരിച്ചു. ASPCT 2–ാം റൗണ്ട് ഓൺലൈൻ പരീക്ഷ ഏപ്രിൽ 28 ഞായർ 2 pm മുതൽ 2.15 pm വരെ നടക്കുന്നതാണ്.

AVIV 2K24

വിശ്വാസ പരിശീലന കേന്ദ്രവും ഗദ്സമേനി ധ്യാനകേന്ദ്രവും സംയുക്തമായി യുവജനങ്ങൾക്കായ് ഒരുക്കുന്ന യുവജന കൺവെൻഷൻ 2025 ഏപ്രിൽ 18 വ്യാഴം രാവിലെ 9 മുതൽ 21 ഞായർ വൈകുന്നേരം 4 വരെ ഗദ്സമേനി ധ്യാനകേന്ദ്രത്തിൽ വെച്ച് നടക്കു ന്നതാണ്.

പ്രധാനാധ്യാപകരുടെ മാറ്റം

ഇടവകകളിൽ 5 വർഷം പൂർത്തിയാക്കിയ പ്രധാനാധ്യാപകർ തൽസ്ഥാനത്തു നിന്ന് മാറണമെന്ന നിർദ്ദേശം മതബോധന നിയമാവലിയുടെ അടിസ്ഥാനത്തിൽ രൂപതയിൽ നിന്ന് നൽകുക യുണ്ടായി. പുതിയതായി നിയമിതരാകുന്ന പ്രധാനാധ്യാപകരുടെ ഇടവകയും,

പേരും, വീട്ടു പേരും, മൊബൈൽ നമ്പറും, 2024 ഏപ്രിൽ 7 ന് മുമ്പ് മതബോധന ഓഫീസിൽ അറിയിക്കേണ്ടതാണ്.

വരുന്ന വർഷത്തെ വിശ്വാസപരിശീലന പ്രമോഷന് മതബോധന ഓഫീസിൽ നിന്നും ചേർക്കുന്ന മാർക്കുകൾ (ആകെ മാർക്ക് 300 ൽ ആയിരിക്കും).

1. എമ്മാവൂസ് മീറ്റിലെ അധ്യാപകരുടെ പങ്കാളിത്തം 80–89% (3) 90–99% (5) 100% (7 മാർക്ക്)

2. Power Cell അധ്യാപകരുടെ ഹാജർ 80–89% (4), 90–99% (6)100% (9 മാർക്ക്)

3. ലൂമിന പ്രോഗ്രാമിൽ +1, +2 അധ്യാപകരുടെ ആദ്യാവസാനമുള്ള സാന്നിധ്യം. (6 മാർക്ക്)

4. ASPCT പരീക്ഷയിലുള്ള അധ്യാപകരുടെ പങ്കാളിത്തം 90–99% (4) 100% (6 മാർക്ക്)

5. വിശ്വാസോത്സവ പഠനശിബിരം അധ്യാപകരുടെ മേഖലയിലെ പങ്കാളിത്തം 90–99%(6), 100% (9 മാർക്ക്)

6. HM സംഗമങ്ങളിൽ പ്രധാനാധ്യാപകന്റെ നേരിട്ടുള്ള സാന്നിധ്യം (6 മാർക്ക്)

7. HCC പേപ്പർ വാലുവേഷൻ +1, +2 അധ്യാപകരുടെ ഹാജർ (6 മാർക്ക്)

8. ലൂമിന പ്രോഗ്രാമിൽ കുട്ടികളുടെ പങ്കാളിത്തം 80–89%(4), 90–99% (5), 100% (6 മാർക്ക്)

9. സമയബന്ധിതമായി മതബോധന ഓഫീസിൽ റിപ്പോർട്ടുകൾ സമർപ്പിച്ചതിന് (1. വാർഷിക റിപ്പോർട്ട്, 2. അധ്യാപക സർവ്വേ, 3. പ്രൈമറി റിപ്പോർട്ട്, 4. HCC ഫോമുകൾ, 5. ACC ഫോമുകൾ) (5 മാർക്ക്)

10. മതബോധന ഓഫീസിൽ അടയ്ക്കേണ്ട തുകകൾ കൃത്യമായി നൽകിയതിന് (ഗുരുദക്ഷിണ, ചോദ്യപേപ്പർ ഫീസ്, പുസ്തകങ്ങളുടെ തുക, മൂന്നും കൃത്യമായി അടച്ചാൽ മാത്രം മാർക്ക് ) (7 മാർക്ക്)

11. HCC വിജയശതമാനത്തിന്. +1,+2 വിനും 100% വിജയത്തിന് രണ്ടു മാർക്ക് വീതം 80–89% (1), 100% (2) ആകെ (4 മാർക്ക്)

ഏപ്രിൽ 2024

02. 04. 24 ചൊവ്വ വിശ്വാസോത്സവം ആരംഭിക്കുന്നു

03. 04. 24 ബുധൻ വിശ്വാസോത്സവം

04. 04. 24 വ്യാഴം വിശ്വാസോത്സവം

05. 04. 24 വെള്ളി വിശ്വാസോത്സവം

06. 04. 24 ശനി സ്റ്റഡി ലീവ്

07. 04. 24 ഞായർ ഉയിർപ്പുകാലം 2–ാം ഞായർ വാർഷികപരീക്ഷ (10 am 12 am)

12. 04. 24 വെള്ളി സ്കോളർഷിപ്പ് പരീക്ഷ (09 am 11 am)

14. 04. 24 ഞായർ ഉയിർപ്പുകാലം 3–ാം ഞായർ ടാലന്റ് ഫെസ്റ്റ് (ACC 14 Batch) @ PMOC

19. 04. 24 വെള്ളി രൂപതതാതല പ്രതിഭാസംഗമം (STD VII), PMOC

20. 04. 24 ശനി രൂപതതാതല പ്രതിഭാസംഗമം (STD VII), PMOC

21. 04. 24 ഞായർ ഉയിർപ്പുകാലം 4–ാം ഞായർ രൂപതതാ തല പ്രതിഭാ സംഗമം (STD VII), PMOC

27. 04. 24 ശനി ACC 13 Online Final Examination

28. 04. 24 ഞായർ ACC 14 Online Final Examination ഉയിർപ്പുകാലം 5–ാം ഞായർ

**ഫാ. ജോൺ പള്ളിക്കാവയലിൽ**

**ഡയറക്ടർ, വിശ്വാസപരിശീലനം**

# മദ്ബഹ ശുശ്രൂഷ സംഘം (SMART)

അവധിക്കാല പ്രോഗ്രാമുകൾ

ഏപ്രിൽ 8–11 : പരിശുദ്ധാത്മാഭിഷേക ധ്യാനം

സ്മാർട്ട് സംഘടയിലെ മുഴുവൻ അംഗങ്ങൾക്കുവേണ്ടി രൂപതയുടെ ആത്മീയ നവീകരണ കേന്ദ്രമായ ബഥാനിയാ ധ്യാനകേന്ദ്രത്തിൽ വച്ച് പരിശുദ്ധാത്മാഭിഷേക ധ്യാനം നടത്തുന്നു. ഏപ്രിൽ 8 ന് 4 മണിക്ക് ആരംഭിച്ച് 11 ന് ഉച്ചക്ക് അവസാനിക്കുന്നു. മദ്ബഹ ശുശ്രൂഷികളായ എല്ലാ കുട്ടികളെയും ധ്യാനത്തിന് പറഞ്ഞുവിടുമല്ലോ.

ഏപ്രിൽ 16 ചെസ്സ് മത്സരം

താമരശ്ശേരി സെന്റ് അൽഫോൻസ സ്കൂളിൽ വച്ച് സ്മാർട്ട് അംഗങ്ങൾക്കുവേണ്ടി ഒരു ചെസ്സ് മത്സരം നടത്തുന്നു. എല്ലാ ഇടവകയിൽനിന്നും ചെസ്സ് കളിക്കാൻ താല്പര്യമുള്ള സ്മാർട്ട് അംഗങ്ങളായ 2 പേരെ (ജൂനിയർ – 1, സീനിയർ –1) മത്സരത്തിനായി പറഞ്ഞുവിടുമല്ലോ. പങ്കെടുക്കുന്ന കുട്ടികളുടെ പേരുവിവരങ്ങൾ 9447440515 എന്ന നമ്പറിലേക്ക് അയക്കുമല്ലോ. ബഹു. വികാരിയച്ചന്മാരോ, ആനിമേറ്റർമാരോ ആണ് വിവരങ്ങൾ അയക്കേണ്ടത്.

ഏപ്രിൽ 18 ക്വിസ്സ് മത്സരം

സ്മാർട്ട് അംഗങ്ങൾക്കുവേണ്ടി രൂപതാ തലത്തിൽ ക്വിസ്സ് മത്സരം നടത്തപ്പെടുന്നു. രണ്ട് ഘട്ടമായിട്ടാണ് മത്സരം നടത്തുക. ആദ്യഘട്ടം ഏപ്രിൽ 18 ന് രാത്രി 8.30 ന് ഓൺലൈനായി നടത്തുന്നു. അതിൽ നിന്ന് തെരഞ്ഞെടുക്കുന്ന വിജയികൾക്കായി ഓഫ് ലൈനായി രണ്ടാം ഘട്ടമത്സരം നടത്തുന്നു. രണ്ടാംഘട്ടത്തിന്റെ വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

ഏപ്രിൽ 20 വചനപ്രഘോഷണ മത്സരം

താമരശ്ശേരി രൂപതയുടെ ഉന്നതവിദ്യാഭ്യാസ സ്ഥാപനമായ തിരുവമ്പാടി സെന്റ് അൽഫോൻസ കോളേജിൽവച്ച് സ്മാർട്ട് അംഗങ്ങൾക്കുവേണ്ടി വചനപ്രഘോഷണ മത്സരം നടത്തപ്പെടുന്നു. ഇടവകയിലെ മദ്ബഹ ശുശ്രൂഷികളിൽ നിന്ന് രണ്ട്പേരെ (ജൂനിയർ – 1, സീനിയർ –1) പങ്കെടുപ്പിക്കുമല്ലോ. പങ്കെടുക്കുന്ന കുട്ടികളുടെ വിവരങ്ങൾ 9447440515 എന്ന നമ്പറിലേക്ക് അയക്കുമല്ലോ. ബഹു. വികാരിയച്ചന്മാരോ, ആനിമേറ്റർമാരോ ആണ് വിവരങ്ങൾ അയക്കേണ്ടത്.

**ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ**

**ഡയറക്ടർ, SMART-**

# ലിറ്റർജി കമ്മീഷൻ

വിശുദ്ധ കുർബാനയാകുന്ന മഹാരഹസ്യത്തെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ വിശ്വാസികളെ സഹായിക്കുന്ന ഓൺലൈൻ പഠന പരമ്പരയായ മർഗാനീസയുടെ രണ്ടാം ഭാഗത്തിൽ മാർച്ച് മാസത്തിലെ ക്ലാസ് നയിച്ചത്. താമരശ്ശേരി രൂപതയുടെ ചാൻസലറായ ഫാ. ഡോ. സെബാസ്റ്റ്യൻ കവളക്കാട്ടാണ്. 'പരിശുദ്ധ കുർബാന ഫ്രാൻസിസ് മാർപാപ്പയുടെ വീക്ഷണത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കിയാണ് അദ്ദേഹം ക്ലാസ് നയിച്ചു. ഫെബ്രുവരി മാസത്തിൽ നടത്തിയ ക്ലാസിന്റെ തുടർച്ചയായിട്ടാണ് ഈ ക്ലാസ് നടത്തിയത്. മാർച്ച് 9 ശനി വൈകിട്ട് 8:30 മുതൽ 9:30 വരെ സൂം മീറ്റിലൂടെ നടത്തിയ ഈ ക്ലാസിൽ വിവിധ സ്ഥലങ്ങളിൽ നിന്നായി അമ്പതോളം പേർ സംബന്ധിച്ചു.

ഈ ക്ലാസുകൾ നടത്താൻ ആവശ്യമായ എല്ലാ സാങ്കേതിക സഹായങ്ങളും നൽകിയ പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബഹു. കുര്യൻ പുരമഠത്തിൽ, കോട്ടക്കൽ ലിറ്റിൽ ഫ്ളവർ ഇടവക പാരിഷ് സെക്രട്ടറി ശ്രീ.ഷിജു കുഴികണ്ടത്തിൽ എന്നിവർക്ക് പ്രത്യേകം നന്ദി അർപ്പിക്കുന്നു.

എല്ലാ മാസത്തെയും രണ്ടാമത്തെയും നാലാമത്തെയും ആഴ്ചയിൽ നടക്കുന്ന ഈ ക്ലാസുകളിൽ പങ്കെടുക്കാൻ ബഹു. അച്ചന്മാർ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഇതുമായി ബന്ധപ്പെട്ട് അയച്ചുതരുന്ന പോസ്റ്ററുകൾ ഇടവക വാട്സ്ആപ്പ് കൂട്ടായ്മകളിൽ ഷെയർ ചെയ്യുകയും ചെയ്യുമല്ലോ.

**ഫാ. ജോസഫ് കളത്തിൽ**

**ലിറ്റർജി കമ്മീഷൻ**

# സെമിനാരി വാർത്ത

ഡീക്കൻ പട്ടവും മൈനർ പട്ടങ്ങളും

വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന രൂപതയിലെ ദൈവശാസ്ത്ര വിദ്യാർത്ഥികളുടെ കാറോയ, ഹെവ്പ്പദിയാക്കോന, മ്ശംശാന തുടങ്ങിയ പട്ടങ്ങളുടെ സ്വീകരണം മാർച്ച് 21–ാം തിയ്യതി രാവിലെ 8 മണിക്ക് താമരശ്ശേരി മേരി മാതാ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. അഭിവന്ദ്യ പിതാവിൽനിന്ന് കൊല്ലേരിത്താഴത്ത് മാത്യൂ, തൂനാട്ട് ഫിലിപ്സ്, കണ്ടച്ചാലിൽ ഇമ്മാനുവൽ, പൂവത്തോലിൽ ആന്റണി എന്നിവർ കാറോയ പട്ടവും, കോനക്കുന്നേൽ ജോൺ, പുറത്തൂട്ട് ജോസഫ്, മലമ്പേൽ ജോസഫ്, വെള്ളാപ്പള്ളിൽ ജോസഫ്, തോട്ടമറ്റത്തിൽ സെബാസ്റ്റ്യൻ, തുറവക്കൽ മാത്യൂ എന്നിവർ ഹെവ്പ്പദിയാക്കോനെ പട്ടവും സ്വീകരിച്ചു. മ്ശംശാന പട്ടം സ്വീകരിച്ചവർ തിട്ടയിൽ മാത്യൂ, കൂരൂർ ഇമ്മാനുവൽ, വെളിയത്ത് കുര്യൻ, കടുകൻമാക്കൽ ജീയോ, നീലൻപറമ്പിൽ മൈക്കിൾ, പന്തപ്ലാക്കൽ ജോസഫ് എന്നിവരാണ്. വികാരി ജനറാൾ മോൺ അബ്രഹാം വയലിൽ സഹകാർമ്മികനായും മൈനർ സെമിനാരി റെക്ടർ ഫാ. ജേക്കബ് അരീത്തറ ആർച്ച് ഡീക്കനായും ശുശ്രൂഷകളിൽ സഹായിച്ചു.

അവധിക്കാലം

വേനലവധിയോടനുബന്ധിച്ച് മൈനർ സെമിനാരിയിലെ ഒന്നാം വർഷ വൈദീക വിദ്യാർത്ഥികൾ മാർച്ച് 19–ാം തിയ്യതി സ്വഭവനങ്ങളിലേക്ക് മടങ്ങി. രണ്ടും, മൂന്നും, വർഷങ്ങളിലെ വൈദീക വിദ്യാർത്ഥികൾക്ക് തങ്ങളുടെ പ്ലസ്സ് വൺ, പ്ലസ്സ് ടൂ പരീക്ഷകൾക്ക് ശേഷം മാർച്ച് 26 ന് അവധി ആരംഭിച്ചു.

**ഫാ. ജേക്കബ് അരീത്തറ**

**റെക്ടർ, അൽഫോൻസ സെമിനാരി**

# ചെറുപുഷ്പ മിഷൻലീഗ്

**സജീവം ലഹരി വിരുദ്ധ സ്കിറ്റ് മത്സരം**

സജീവം ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി സി.ഒ.ഡി യും ചെറുപുഷ്പമിഷൻലീഗ് താമരശ്ശേരിയും സംയുക്തമായി സജീവം ലഹരി വിരുദ്ധ സ്കിറ്റ് മത്സരം സംഘടിപ്പിച്ചു. നിരവധി ശാഖകൾ ഈ മത്സരത്തിൽ പങ്കെടുത്തു.

- മാർച്ച് 8 ന് ലോക വനിതാദിനത്തോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻ ലീഗ് സംഘടനയുടെ പ്രേഷിതമുഖമായി നിലകൊള്ളുന്ന എല്ലാ വനിതാരത്നങ്ങൾക്കും വനിതാദിനാശംസകൾ നേർന്നു.

- ഈ വർഷം എസ്.എസ്.എൽ.സി, ഹയർസെക്കൻഡറി പരീക്ഷകൾ എഴുതുന്ന എല്ലാ കുഞ്ഞുങ്ങൾക്കും പ്രാർത്ഥനാശംസകൾ നേർന്നു. റൂഹ 2സ24 പരീക്ഷ ഒരുക്ക പ്രാർത്ഥന ശാഖാതലങ്ങളിൽ നടത്തി.

- ഈ 50 നോമ്പിൽ താമരശ്ശേരി രൂപതയിലെ ചെറുപുഷ്പ മിഷൻ ലീഗ് കുഞ്ഞുങ്ങളുടെ ധ്യാനാത്മക ചിന്തകൾ □□ഗത്സെമനി നോമ്പു കാല തിരുവചനപ്രാർത്ഥന□□ എന്ന പേരിൽ എല്ലാ ദിവസവും പങ്കുവെച്ചു.

**റീജിയണൽ സമ്മേളനം**

താമരശ്ശേരി, കോടഞ്ചേരി മേഖലകളുടെ റീജിയണൽ സമ്മേ ളനം സംഗമം മാർച്ച് 24ന് ബിഷപ്പ്സ് ഹൗസിൽ വച്ച് നടന്നു. ശാഖ ജൂനിയർ ഭാരവാഹികൾ, മേഖല ഭാരവാഹികൾ, വൈസ് ഡയറക്ടേഴ്സ് എന്നിവർക്കുവേണ്ടി വിവിധ സെമിനാറുകളും സംഘടിപ്പിച്ചു.

**കുരിശിന്റെ വഴി**

മാർച്ച് 17 ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് പുത്തനങ്ങാടി സെന്റ് മേരിസ് കോളേജിൽനിന്ന് മരിയാപുരത്തേക്ക് പെരിന്തൽമണ്ണ മേഖലയുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തി. രൂപത, മേഖല അംഗങ്ങൾ പങ്കെടുത്തു.

**തിരുനാൾ**

മാർച്ച് 19ന് വിശുദ്ധ യൗസേപിതാവിന്റെ തിരുനാൾ മംഗളങ്ങൾ ഏവർക്കും നേർന്നു.

സംസ്ഥാന മാനേജിംഗ് കമ്മറ്റിയും ഇലക്ഷനും

മാർച്ച് 9 ശനിയാഴ്ച പി.ഒ.സി യിൽ വച്ച് നടന്ന സംസ്ഥാന മാനേജിങ് കമ്മറ്റിയിലും ഇലക്ഷനിലും രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. 2021 –2024 കാലഘട്ടത്തിൽ സി.എം.എൽ സംഘടനയെ നയിച്ച സംസ്ഥാന സമിതിക്ക് നന്ദിയും ദൈവാനു ഗ്രഹങ്ങളും നേരുകയും 2024–2027 കാലഘട്ടത്തിൽ സംഘടനയെ നയിക്കുന്ന സംസ്ഥാന സമിതിക്ക് പ്രാർത്ഥനാശംസകളും നേരുകയും ചെയ്തു.

കഴിഞ്ഞ 3 വർഷത്തോളം സംസ്ഥാന ജനറൽ സെക്രട്ടറി ആയിരുന്ന ശ്രീ. ജിന്റോ തകിടിയേലിന് അഭിനന്ദനങ്ങൾ നേരുന്നു.

2024–27 വർഷങ്ങളിലെ മലബാർ റീജിയണൽ ഓർഗനൈസർ ആയി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. ബാബു ചെട്ടിപ്പറമ്പിലിനും, ദേശീയ പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. ജിന്റോ തകിടിയേലിനും പ്രാർത്ഥനാശംസകൾ നേരുന്നു.

**അറിയിപ്പുകൾ**

- ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് (ശാഖാതലത്തിൽ)

2024 2025 പ്രവർത്തന വർഷത്തേയ്ക്കുള്ള പുതിയ ജൂനിയർ ഭാരവാഹികളെ 2024 ഏപ്രിൽ 3 ന് (വിശ്വാസോത്സവത്തിന് രണ്ടാം ദിവസം) ശാഖാതലത്തിൽ തെരഞ്ഞെടുക്കുന്നു.

പുതിയ ജൂനിയർ ഭാരവാഹികളുടെ ലിസ്റ്റും മൊബൈൽ നമ്പറും 2024 ഏപ്രിൽ 6 ന് മുമ്പ് വാട്സ്ആപ്പ് (8606203117) വഴി അയച്ചു തരേണ്ടതാണ്.

**മേഖല തലത്തിൽ**

2024 ഏപ്രിൽ 18ന് മുമ്പ് മേഖല തലത്തിൽ 2024–2025 പ്രവർത്തന വർഷത്തിലേക്കുള്ള ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. പുതിയ ജൂനിയർ ഭാരവാഹികളുടെ ലിസ്റ്റും മൊബൈൽ നമ്പറും 2024 ഏപ്രിൽ 20 ന് മുമ്പ് വാട്സ്ആപ്പ് (8606203117) വഴി അയച്ചു തരേണ്ടതാണ്.

കയ്യെഴുത്ത് മാസിക തയ്യാറാക്കൽ മത്സരം

2023–2024 പ്രവർത്തന വർഷത്തിലെ 'വിളിയറിഞ്ഞ് ഒരുമയോടെ വിളഭൂമിയിലേക്ക്' എന്ന പഠന വിഷയത്തെ അടിസ്ഥാനപ്പെടുത്തി കയ്യെഴുത്ത് മാസിക തയ്യാറാക്കി

2024 മെയ് 15ന് മുമ്പ് ഇങ്ങ്ഘ രൂപത ഓഫീസിൽ എത്തിക്കേണ്ട താണ്.

**ഗ്രാന്റ് മാസ്റ്റേഴ്സ് ക്യാമ്പ്**

രൂപത തലത്തിൽ 7 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ഏപ്രിൽ മാസം 23, 24, 25 തീയതികളിൽ മേരിക്കുന്ന് പി.എം.ഒ.സി യിൽ വെച്ച് ഗ്രാന്റ് മാസ്റ്റേഴ്സ് ക്യാമ്പ് സംഘടിപ്പിക്കുന്നു. 1200 രൂപയാണ് ഫീസ്. ശാഖാ വൈസ് ഡയറക്ടർ വഴി ഏപ്രിൽ 15ന് മുൻപ് 500 രൂപ ഫീസ് അടച്ച് രജിസ്റ്റർ ചെയ്യുന്ന 120 കുട്ടികൾ ക്കായിരിക്കും പ്രവേശനം ഉണ്ടായിരിക്കുന്നത്.

ENFUEGO മിഷൻ അനുഭവയാത്ര

ചെറുപുഷ്പ മിഷൻലീഗ് താമരശ്ശേരി രൂപതയിലെ ജൂനിയർ, സീനിയർ ഭാരവാഹികളുടെ ഭദ്രാവതി മിഷൻ അനുഭവയാത്ര ഏപ്രിൽ 8 മുതൽ 10 വരെ തീയതികളിൽ സംഘടിപ്പിക്കുന്നു.

CML Holy Film Fest

ഈ നോമ്പ്കാലത്ത് കുടുംബത്തോടൊപ്പം കണ്ടിരിക്കേണ്ട സുന്ദരമായ വിശുദ്ധരുടെ സിനിമകളുടെ ലിങ്ക് പങ്കുവെച്ചു.

മിസ്സിയോ ദൈവവിളി പ്രസംഗ മത്സരവും വാർഷിക സമ്മേളനങ്ങളും

മിസ്സിയോ ദൈവവിളി പ്രസംഗ മത്സരവും (8 മുതൽ 10 വരെയുള്ള ക്ലാസുകാർക്ക്) വാർഷിക സമ്മേളനവും (ശാഖ വൈസ് ഡയറക്ടർ & മാനേജിങ് കമ്മിറ്റി), പുതിയ രൂപത ഭാരവാഹികളുടെ തെരഞ്ഞെടുപ്പും 2024 ഏപ്രിൽ 27 ശനിയാഴ്ച്ച എം.എം.പി.സി ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുന്നു.

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**

**ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്**

# തിരുബാലസഖ്യം

തിരുബാലസഖ്യത്തിലെ കുഞ്ഞുങ്ങൾ നോമ്പിന്റെ ചൈതന്യത്തിൽ പ്രായശ്ചിത്ത പ്രവർത്തികളും നന്മ പ്രവർത്തികളും ചെയ്തുകൊണ്ട് ഈശോയുടെ സ്നേഹത്തിൽ ആഴപ്പെട്ടു വളരുന്നു. അതിനു സഹായിക്കുന്ന വിധത്തിൽ ഓരോ ആഴ്ചയും ജീസസ് ടോക്ക് നൽകി വരുന്നു.

● 2024 ഫെബ്രുവരി 11, തിരുബാലസഖ്യ ദിനത്തോടനുബന്ധിച്ച് കുട്ടികൾക്കായി നടത്തിയ "ഉണ്ണീശോയ്ക്ക് ഒരു കത്ത്" മത്സരത്തിൽ വിജയികളായവർ:

1. ജിയന്ന മരിയ കുറ്റിക്കാട്ടുമണ്ണിൽ (തിരുവമ്പാടി)
2. ബ്രയാൻ ജോസഫ് വട്ടപ്പലത്ത് (വിളക്കാംതോട്)
& റയാൻ സെബിൻ മുള്ളൻ കുഴിയിൽ (കുപ്പായക്കോട്)
3. നിറ്റ ജിയോ ഇലവുങ്കൽ (തലയാട്)

ച്ച ടാബ്ലോ മത്സരം വിജയികൾ

1. തേഞ്ഞിപ്പാലം ശാഖ
2. ചക്കിട്ടപ്പാറ ശാഖ, താമരശ്ശേരി ശാഖ
3. മാങ്കാവ് ശാഖ, തിരുവമ്പാടി ശാഖ, ചാത്തൻകോട്ടുനട ശാഖ.

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
**ഡയറക്ടർ, തിരുബാലസഖ്യം**

# സ്റ്റാർട്ട്

VALEDICTORY AND CERIFICATION CERYMONY OF MTC 2023-24 BATCH

മൂല്യാധിഷ്ഠിത ഉന്നത വിദ്യാഭ്യാസത്തിന് സ്റ്റാർട്ട് എന്നും മാതൃകയാണെന്ന് താമരശ്ശേരി ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ. താമരശ്ശേരി രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സെന്റ് തോമസ് അക്കാദമി ഫോർ റിസർച്ച് ആൻഡ് ട്രെയ്നിംഗിന്റെ (സ്റ്റാർട്ട്) മാസ്റ്റർ ട്രെയിനിംഗ് കോഴ്സിന്റെ പതിനെട്ടാമത്തെ ബാച്ചിന്റെ സമാപന സമ്മേളനവും സർട്ടിഫിക്കറ്റ് വിതരണവും നിർവ ഹിച്ച് സംസാരിക്കുകയായിരുന്നു പിതാവ്. വികാരി ജനറാൾ മോൺ. ഏബ്രഹാം വയലിൽ, സ്റ്റാർട്ട് ഡയറക്ടർ ഫാ. സുബിൻ കിഴക്കേവീട്ടിൽ, ഏയ്ഞ്ചൽ മരിയ അജു (നെറ്റ് ജെ.ആർ.എഫ് വിന്നർ), ജോസ്ന ജോസ് തുടങ്ങിയവർ പ്രസംഗിച്ചു.

വിവിധ മത്സര പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ പൂർവ്വവിദ്യാർഥികളെ അനുമോദിച്ചു. വയോജനങ്ങളയും ഭിന്നശേഷിക്കാരെയും ശുശ്രൂഷിക്കുന്നതിനു പരിശീലനം നൽകുന്ന സ്റ്റാർട്ടിന്റെ അന്താരാഷ്ട്ര തലത്തിൽ അംഗീകാരമുള്ള സ്റ്റാർട്ട് കെയർ സൊലൂഷൻസ് പദ്ധതിക്ക് അഭിവന്ദ്യ പിതാവ് തുടക്കം കുറിച്ചു.

ഞാള പത്തൊൻപതാം ബാച്ചിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു

അഖിലേന്ത്യാതലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കേന്ദ്ര സർവ്വകലാശാലകളിലും മറ്റ് പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകളിലും അഡ്മിഷൻ നേടി, മികവുറ്റ വിധം പഠനം പൂർത്തിയാക്കി, നേതൃ പദവികളിൽ എത്തുവാൻ പ്ലസ്ടുവിന് ശേഷം കുട്ടികളെ ഒരുക്കുന്ന സ്റ്റാർട്ടിന്റെ ഏകവത്സര കോഴ്സായ മാസ്റ്റർ ട്രെയിനിങ് കോഴ്സിന്റെ (MTC) പത്തൊൻപതാമത്തെ ബാച്ചിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. ഓരോ വിദ്യാർത്ഥിയിലും അന്തർലീനമായ കഴിവുകളും അഭിരുചികളും കണ്ടെത്തുവാനും അതിനു അനുയോജ്യമായി മാത്രം ഉപരിപഠനത്തിനുള്ള വിഷയങ്ങളും സ്ഥാപനങ്ങളും തെരഞ്ഞെടുക്കുവാനും MTC കുട്ടികളെ സഹായിക്കുന്നു.

ARISE 2K24 – SUMMER INTENSIVE ENGLISH COURSE

ദേശീയ അന്തർദേശീയതലങ്ങളിൽ നടത്തപ്പെടുന്ന ഓരോ മത്സര പരീക്ഷകൾക്കും തൊഴിൽ നിയമനങ്ങൾക്കുമെല്ലാം ഇംഗ്ലീഷ് ഭാഷയിലുള്ള പരിജ്ഞാനം ഒഴിച്ചുകൂടാനാവാത്തതാണ്. സാഹചര്യം മുന്നിൽ കുകൊ് അവധിക്കാലം വിജ്ഞാനപ്രദമാക്കാം􀀀എന്ന ലക്ഷ്യത്തോടെ, കഴിഞ്ഞ എട്ടു വർഷത്തോളമായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ സ്റ്റാർട്ട് നടത്തിവരാറുള്ള അഞകടഋ 2ഗ24 ഇംഗ്ലീഷ് തിവ്ര പരിശീലന കോഴ്സ് 2024 ഏപ്രിൽ 11 മുതൽ 20 വരെ നടത്തപ്പെടുന്നു. ഈ കോഴ്സിൽ 3,4 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി യമശെര ലെവലും 5,6,7 ക്ലാസുകളിലെ വിദ്യാർ ത്ഥികൾക്കായി രഹമമൈശെര ലെവലും 8,9,10, വിദ്യാർത്ഥികൾക്കായി അറ്മിരല ലെവൽ ക്ലാസുകളും 11,12 ക്ലാസുകളിലെ വിദ്യാർത്ഥി കൾക്കായി Proficient ലെവലും ആണ് ഒരുക്കിയിരുന്നത് .

ഇംഗ്ലീഷ് കോഴ്സിന് പുറമെ വ്യക്തിത്വ വികസനം, ലക്ഷ്യ ബോധം, പൊതുവിജ്ഞാനം, ലോജിക്കൽ റീസണിങ്, മെച്ചപ്പെട്ട പഠനരീതികൾ, മാനസികാരോഗ്യ രൂപീകരണം എന്നിവയിലും പരിശീലനം കൊടുക്കുന്നു.

START BRIGHT FUTURE EDUPROGRAMME

മാറുന്ന കാലത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെയും ജോലി യുടെയും സാധ്യതകൾ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തി കൊടുക്കുന്നതിനായി താമരശ്ശേരി രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സ്റ്റാർട്ടിന്റെ കരിയർ ഗൈഡൻസ് ക്ലാസായ 'START Bright Future EduProgramme' രൂപതയിലെ വിവിധ വിശ്വാസ പരിശീലന മേഖലകളുടെ സഹകരണത്തോടെ രൂപതയിലെ വിവിധ ഫൊറോ നകളിൽ നടത്തപ്പെടുന്നു. വിദ്യാർത്ഥികൾക്കായി പ്രത്യേകം തയ്യാറാ ക്കിയ അഭിരുചി നിർണ്ണയ പരീക്ഷയും കരിയർ ഗൈഡൻസ് ക്ലാസ്സും കരിയർ ഗൈഡൻസ് വിദഗ്ധൻ അസിസ്റ്റന്റ് പ്രൊഫസർ ഷിജിത്ത് തോമസിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു.

കരിയർ ഗൈഡൻസ് ക്ലാസിന്റെ മറ്റ് വിവരങ്ങൾ ചുവടെ ചേർ ക്കുന്നു.

Tuesday March 26, 2024

09:30 am to 11:30 am, Pullurampara Parish Hall

02:30 pm to 4:30 pm, Thiuvambady Parish Hall

Wednesday March 27, 2024

09:30 am to 12:30 am, Kodenchery Parish Hall

03:00 pm to 5:30 pm, Koorachundu Parish Hall

Integrated Residential PLUS TWO Course Admission Open

താമരശ്ശേരി രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സ്റ്റാർട്ട് കുട്ടികളിൽ അടുത്തകാലത്ത് വന്നിട്ടുള്ള വിദേശ പഠനം, ജോ ലി എന്ന പുതിയ ആവശ്യങ്ങൾക്ക് ശരിയായ ഉത്തരം നൽകാൻ ശ്രമിക്കുന്നതോടൊപ്പം നമ്മുടെ നാട്ടിലെ മികച്ച യുണിവേഴ്സിറ്റി കളിലേക്കും, പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകളിലേക്കും (IITs, IIMS, NITs etc.) പ്രവേശനം ലഭിക്കുന്നതിനും നമ്മുടെ കുട്ടികളെ കാലോചിതമായി ഒരുക്കുക എന്ന ലക്ഷ്യത്തോടെ റെസിഡൻഷ്യൽ പ്ലസ് ടു കോഴ്സ് ആരംഭിക്കുന്നു.

ഉന്നത മികവോടെ നാട്ടിലോ വിദേശത്തോ ജീവിതം കരുപ്പി ടിപ്പിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾക്ക് അന്തരാഷ്ട്ര നിലവാരത്തോടെ പ ഠിക്കുവാനും അവരുടെ ഭാവിജീവിതം ശോഭനമാക്കുവാനും, പ്ലസ്ടു പഠനത്തോടൊപ്പം ഫ്രഞ്ച്, ജർമ്മൻ ഭാഷകളിൽ ബി 2 ഗ്രേഡ് പ രീക്ഷ കൂടി പാസാകാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. ഈ ഭാഷകൾ സംസാ രിക്കുന്ന വിദേശികളായ അദ്ധ്യാപകരുടെയും ക്ലാസുകൾ ഉാ യിരിക്കും.

OBJECTIVE OF START SPECIALITY

¨PLUSTWO Humanities and Commerce പഠനത്തോടൊപ്പം National and Inter national level competitive പരീക്ഷൾക്കും ട്രെയിനിംഗ് നൽകുന്നു.

Mental, Psychological and minutely organized preparation to take ANY ENTR NACE EXAM ANYWHERE IN THE WORLD in ANY UNIVESITY/COLLEGE in India and abroad.

CUET, IPM, CLAT, NDA Technical and nonTechnical, NID, JEE, KEAM, CUSAT CAT എന്നീ അഖിലേന്ത്യ തലത്തിലുള്ള പ്രധാന എൻട്രൻസ് പ രീക്ഷകൾക്കുള്ള പരിശീലനം നൽകുന്നു.

സ്റ്റാർട്ടിൽത്തന്നെ താമസിച്ചുള്ള രു വർഷത്തെ കോഴ്സ്.

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യം.

SALIENT FEATURES OF START TRAINING

START Starts PLUSONE and PLUSTWO RESIDENTIAL Courses (Kerala Board) FOR GIRLS and BOYS from JUNE 2024.

LANGUAGES (for Both Humanities and Commerce)• English • Malayalam/Hindi

COMMERCE STREAM: 40 Seats

Accountancy • Business Studies • Economics • Political Science
¨HUMANITIES STREAM: 40 Seats
History Economics • Sociology • Economics • Political Science

MEDIUM OF INSTRUCTION ENGLISH

കുട്ടികളുടെ അഭിരുചിക്കനുസരിച്ച് തിരഞ്ഞെടുക്കാവുന്ന ഇതര കോഴ്സുകൾ

START LANGUAGE LAB

IELTS and OET Training

German, French, Italian up to B2 Level

Language Training • Focuses on Mastering the fourfold language

skills; Listening Speaking, Reading and Writing.

Grammar (Basic, Intermediate and Advanced) • Fluency

Public Speaking

Pronunciation (Received Pronunciation) • Interview Training

Vocabulary

Attitude Development • Good Speech Habits • Comprehension

AI COURSE
Gain a solid understanding of the advantages of AI and Machine Learning.
Increasing the professional value with the rare ability to connect this power technology with your profession.
Learn Computer Programming with Python, Machine Learning, NLP, Chat GPT, and more.....

MS OFFICE AND TALLY + BCC COURSE PREPARATION
SOFT SKILL TRAINING, CAREER GUIDANCE AND MENTORING SERVICES
Instrumental Music Classes
Training based on the Aptitude and Individual Differences

ADMISSION PROCEDURE
Apply on the prescribed form available from START office or via www.startindia.org
An Entrance Exam based on the following:

a) English b) Basic Maths c) Current affairs and general knowledge

d) Interview

**കൂടുതൽ വിവരങ്ങൾക്ക് :**

**0495 2357843, 9037107843 (Office), 97444458111 (ഡയറക്ടർ)**

Website: www.startindia.org
Email: office@startindia.org, startcalicut22@gmail.com

**ഫാ. സുബിൻ കിഴക്കേവീട്ടിൽ**
**ഡയറക്ടർ സ്റ്റാർട്ട്**

ALPHA

# ആൽഫ മരിയ അക്കാദമി

കുന്ദമംഗലത്തെ ആൽഫ മരിയ അക്കാദമിയുടെ പുതിയ കെട്ടിടം താമരശ്ശേരി ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നാടിന് സമർപ്പിച്ചു. വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിനടക്കമുള്ള സൗകര്യങ്ങൾ ഉൾപ്പെടുന്നതാണ് പുതിയ കെട്ടിടം.

സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ്, ജർമൻ ഭാഷ പരിശീലനം, കോമൺ എൻട്രൻസ് പരീക്ഷ പരിശീലനം തുടങ്ങിയകോഴ്സുകളിലായി ധാരാളം വിദ്യാർത്ഥികൾ ഇവിടെ പരിശീലനംനേടുന്നുണ്ട്.

പുതിയ കെട്ടിടത്തിന്റെ വെഞ്ചിരിപ്പും തുടർന്ന് നടന്ന പൊതുസമ്മേളനവും മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു. ചടങ്ങിൽ വികാരി ജനറാൾ മോൺ. എബ്രഹാം വയലിൽ അധ്യക്ഷത വഹിച്ചു.

പാറോപ്പടി ഫൊറോന പള്ളി വികാരി ഫാ. ജോസഫ് കളരിക്കൽ, കുന്നമംഗലം സെന്റ് ജോസഫ് പള്ളി പാരിഷ് ട്രസ്റ്റി ജോസ് ലൂക്ക് വെള്ളിയാംകുളത്തിൽ എന്നിവർ പ്രസംഗിച്ചു. ആൽഫ മരിയ അക്കാദമി ഡയറക്ടർ ഫാ. അനീഷ് പുളിച്ചമാക്കൽ സ്വാഗതവും പാരിഷ് സെക്രട്ടറി ബേബി പഴംപ്ലാക്കൽ നന്ദിയും പറഞ്ഞു. രൂപത ചാൻസലർ ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്, പ്രൊകുറേറ്റർ ഫാ. കുര്യാക്കോസ് മുഖാലയിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ്**

സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സിന്റെ ക്ലാസുകൾ ജൂൺ 8 മുതൽ ആരംഭിക്കുന്നു. ആറാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്ക് സ്കൂൾ പഠനത്തോടൊപ്പം പൊതുവിജ്ഞാനം, കറന്റ് അഫയേഴ്സ്, പ്രസംഗ പരിശീലനം തുടങ്ങിയ വിഷയങ്ങളിൽ പ്രഗൽഭരായ അധ്യാപകരുടെ നേതൃത്വത്തിൽ പരിശീലനം നൽകുന്നു.

**ജർമൻ ഭാഷാ പരിശീലനം**

ആൽഫ മരിയ അക്കാദമിയുടെ നേതൃത്വത്തിൽ നടക്കുന്ന ജർമൻ ഭാഷാ പരിശീലനത്തിന്റെ പുതിയ ബാച്ചുകൾ 2024 ഏപ്രിൽ 2ന് ആരംഭിക്കുന്നു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യം. മിതമായ ഫീസിൽ 8 മാസത്തെ പരിശീലനമാണ് നൽകുന്നത്.

**കർണാടക കോമൺ എൻട്രൻസ് ടെസ്റ്റ് (KCET 2024)**

കർണാടക കോമൺ എൻട്രൻസ് ടെസ്റ്റിന് വേണ്ടിയുള്ള ഓഫ് ലൈൻ ക്ലാസുകൾ തിരുവമ്പാടി ആൽഫ മാരിയ അക്കാദമിയുടെ സെന്ററിൽവെച്ച് 2024 ഏപ്രിൽ 2 മുതൽ നടത്തപ്പെടുന്നു.

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
**ഡയറക്ടർ, ആൽഫ മരിയ അക്കാദമി**

# പോപ്പ് ജോൺ പോൾ കക ഇൻസ്റ്റിറ്റ്യൂട്ട്

പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ ഡയറക്ടർ ഫാ. കുര്യൻ പുരമഠ ത്തിന്റെ നേതൃത്വത്തിൽ കൗൺസിലിംങ്ങും കൗൺസിലിംഗ് ക്ലാസ്സു കളും ഓഫ്ലൈനായും ഓൺലൈനായും നടക്കുന്നു. വർദ്ധിച്ചു വരുന്ന മാനസിക സംഘർഷങ്ങളെ ക്രിയാത്മകമായി സമീപിക്കുവാ നും മാനസിക പിരി മുറുക്കത്തിൽ നിന്നും ആനന്ദകരമായ ഒരു ജീവി തത്തിലേക്ക് നടന്നടുക്കുവാനും വളരെ സഹായകമാകുന്ന ഈ കൗൺ സലിംഗ് സേവനം, ജാതിമത ഭേദമെന്യേ കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ളവർക്ക് ഇവിടെ സംലഭ്യമാണ്. സൗജന്യ കൗൺസലിംഗ് സേവനവും ഇവിടെ നല്കപ്പെടുന്നു.

കൗൺസലിംഗിനായി കപ്പുച്ചിൻ സഭാംഗമായ ഫാ. ജോജി പെരും പ്പെട്ടിക്കുന്നേലിന്റെ (അസിസ്റ്റന്റ് പ്രൊഫസർ ആൻഡ് സൈക്കോ തെറാപ്പിസ്റ്റ്) സേവനവും ഇവിടെ ലഭ്യമാണ്.

അറിയിപ്പുകൾ

പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തപ്പെടുന്ന, രാജസ്ഥാനി ലെ സിംഗാനിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് നടത്തുന്ന 2 വർഷത്തെ മാസ്റ്റേഴ്സ് (ഓഫ് ലൈൻ & ഓൺലൈൻ) പ്രോഗ്രാമിന്റെ വിശദവിവരങ്ങൾ:

1. എം.എസ്.സി. ഇൻ കൗൺസിലിംഗ് സൈക്കോളജി (ഓഫ് ലൈൻ)
2. എം.എസ്.സി. ഇൻ ഗൈഡൻസ് & കൗൺസിലിംഗ് (ഓൺ ലൈൻ)

2024–26 വർഷത്തെ ബാച്ചിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചിരി ക്കുന്നു. അംഗീകൃത യൂണിവേഴ്സിറ്റിയിൽ ഡിഗ്രി നേടിയിട്ടുള്ള വർക്ക് അപേക്ഷിക്കാവുന്നതാണ്.

കൗൺസിലിംഗ് കോഴ്സ് പഠിക്കാൻ താത്പര്യമുള്ളവരും കൗൺ സലിംഗ് സേവനം ആവശ്യമുള്ളവരും താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

CONTACT NO: 949657 5018/9037379180.

**ഫാ. കുര്യൻ പുരമഠത്തിൽ**
**ഡയറക്ടർ, പോപ്പ് ജോൺ പോൾ കക ഇൻസ്റ്റിറ്റ്യൂട്ട്**

# കെ.സി.വൈ.എം എസ്.എം.വൈ.എം

'സ്നേഹപൂർവ്വം കെ.സി.വൈ.എം' പൊതിച്ചോറ് വിതരണം; ഫ്ളാഗ് ഓഫ് ചെയ്തു

കെ.സി.വൈ.എം. എസ്.എം.വൈ.എം. താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമായി നടത്തുന്ന 'സ്നേഹപൂർവം കെ.സി.വൈ.എം.' പൊതിച്ചോറ് വിതരണത്തിന്റെ ആദ്യഘട്ടം താമരശ്ശേരി മേരിമാത കത്തീഡ്രലിൽ മാർ റെമിജിയോസ് ഇഞ്ചനാനി യിൽ ഫ്ളാഗ് ഓഫ് ചെയ്തു. താമരശ്ശേരി മേഖലയുടെ നേതൃത്വ ത്തിൽ ആദ്യ ദിനത്തിൽ നടത്തിയ പൊതിച്ചോറ് വിതരണത്തിൽ 300 ഓളം പൊതിച്ചോറുകളാണ് വിതരണം ചെയ്തത്. കെ.സി. വൈ.എം. – എസ്.എം.വൈ.എം. താമരശ്ശേരി രൂപത പ്രസിഡന്റ് റിച്ചാൾഡ് ജോൺ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ, മേരിമാതാ കത്തീഡ്രൽ വികാരി ഫാ. മാത്യു പുളിമൂട്ടിൽ, കോടഞ്ചേരി മേഖല ഡയറക്ടർ ഫാ. ജോസുകുട്ടി അന്തീനാട്ട്, രൂപത വൈസ് പ്രസിഡന്റ് അലൻ ബിജു, രൂപത സെക്രട്ടറി ജോയൽ ആന്റണി, രൂപത ട്രഷറർ ബോണി സണ്ണി, സംസ്ഥാന സെനറ്റ് മെമ്പർ ആൽബിൻ ജോസ്, എസ്.എം.വൈ.എം. കൗൺസിലർ ചെൽസിയ മാത്യു, രൂപത എക്സിക്യൂട്ടിവ് അംഗം അബ്രാഹം ജോസഫ്, താമരശ്ശേരി മേഖല പ്രസിഡന്റ് അഞ്ചൽ കെ. ജോസഫ്, താമരശ്ശേരി മേഖല നേതാക്കന്മാരായ ക്രിസ്റ്റൽ ടോം, അരുൺ ആന്റണി എന്നിവർ പൊതിച്ചോറ് വിതരണത്തിന് നേതൃത്വം നൽകി.

**പൊതിച്ചോറ് വിതരണം – രണ്ടാം ദിനം**

മാർച്ച് 9 ന് മരുതോങ്കര മേഖലയുടെ നേതൃത്വത്തിൽ നടത്തിയ രണ്ടാം ദിന പൊതിച്ചോറ് വിതരണത്തിൽ 500 ഓളം പൊതിച്ചോറു കളാണ് വിതരണം ചെയ്തത്. ഫൊറോന വികാരി ഫാ. ജോർജ്ജ് കളത്തൂർ ഫ്ളാഗ് ഓഫ് ചെയ്തു. രൂപത പ്രസിഡന്റ് റിച്ചാൾഡ് ജോൺ, മേഖല ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പാറത്തോട്ടത്തിൽ, മേഖല പ്രസിഡന്റ് അബിൻ ആൻഡ്രൂസ്, സെക്രട്ടറി ലിറ്റോ തോമസ്, മേഖല ആനിമേറ്റർ സി. ക്ലാരിസ് എം.എസ്.എം.ഐ., രൂപത സമിതി അംഗം ആൻസിലിൻ

തടത്തിൽ, മേഖല സമിതി അംഗങ്ങൾ നോഹൽ ജോസഫ്, ടോംസ്, യൂണിറ്റ് പ്രസിഡന്റുമാർ, ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

Y-DAT: സന്യസ്തർക്കായി യുത്ത് മിനിസ്ട്രി ട്രെയിനിങ് നടത്തി

കെ.സി.വൈ.എം.–എസ്.എം.വൈ.എം. താമരശ്ശേരി രൂപതയിലെ യൂണിറ്റ്, മേഖല ആനിമേറ്റർമാർക്ക് വേണ്ടിയുള്ള സംഗമവും യൂത്ത് മിനിസ്ട്രി പരിശീലനവും ഥ ഉഅഠ (യൂത്ത് ഡയറക്ടേർസ് ആൻഡ് ആനിമേറ്റേർസ് ട്രെയിനിംഗ്) മാർച്ച് 7, 8 തിയ്യതികളിൽ താമരശ്ശേരി മേഖലയുടെ ആതിഥേയത്വത്തിൽ പുതുപ്പാടി വിൻസൻഷ്യൻ ജൂബിലി റിട്രീറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. കെ.സി.വൈ.എം. എസ്.എം. വൈ.എം. രൂപത പ്രസിഡന്റ് റിച്ചാൾഡ് ജോൺ അധ്യക്ഷത വഹിച്ച പരിപാടി കെ.സി.വൈ.എം. സംസ്ഥാന അസിസ്റ്റന്റ് ഡയറക്ടർ സി. റോസ് മെറിൻ എസ്. ഡി. ഉദ്ഘാടനം ചെയ്തു. രൂപതയിലെ വിവിധ ഇടവകകളിലും മേഖലകളിലും നിന്നും യുവജന പരിശീലന ഡിപ്പാർട്ടു മെന്റുകളിൽ നിന്നുമായി 70 തോളം സിസ്റ്റേഴ്സ് രണ്ടു ദിവസ ങ്ങളിലാ യി നടത്തിയ പരിപാടിയിൽ പങ്കെടുത്തു. താമരശ്ശേരി രൂപതയുടെ റൂബി ജൂബിലിയോടും 2024 കെ.സി.ബി.സി. യുവജന വർഷത്തോടും അനുബന്ധിച്ചാണ് ഈ ശില്പശാല സംഘടിപ്പിച്ചത്. കെ.സി.ബി. സി. യൂത്ത് കമ്മീഷൻ ഡയറക്ടറും കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടറുമായ ഫാ. സ്റ്റീഫൻ തോമസ് ചാലക്കര ക്ലാസുകൾക്ക് നേ തൃത്വം നൽകി.

**രൂപത തല കുരിശിന്റെ വഴി**

പൂഴിത്തോട് പടിഞ്ഞാറത്തറ ബദൽ പാത യാഥാർഥ്യമാക്കണ മെന്ന് ആവശ്യപ്പെട്ട് കെ സി വൈ എം താമരശ്ശേരി രൂപത സമിതി യുടെ നേതൃത്വത്തിൽ മരുതോങ്കര മേഖലയിലെ വിവിധ ഇടവകകളുടെ സഹകരണത്തോടെ നിർദിഷ്ട പൂഴിത്തോട് കുരിശുപള്ളി മുതൽ 4 കിലോമീറ്ററോളം കാൽനടയാത്ര ചെയ്ത് കരിങ്കണ്ണി വനാതിർത്തി വരെ കുരിശിന്റെ വഴി നടത്തി. മരുതോങ്കര മേഖലയുടെ നേതൃത്വ ത്തിൽ നടന്ന കുരിശിന്റെ വഴിയിൽ അറുനൂറിലധികം വിശ്വാസികൾ പങ്കെടുത്തു. മരുതോങ്കര ഫൊറോന പള്ളി വികാരി ഫാ. ജോർജ്ജ് കളത്തൂർ, ഫാ. ജോസഫ് കൂനാനിക്കൽ, ഫാ. മാത്യു ചെറുവേലിൽ, ഫാ. സെബാസ്റ്റ്യൻ പാറതോട്ടത്തിൽ, ഫാ. ജോസ് പുത്തേട്ടുപടവിൽ, ഫാ. ജോർജ്ജ് വരിക്കശ്ശേരിയിൽ എന്നിവർ കാർമികത്വം വഹിച്ചു. രൂപത വികാരി ജനറാൾ മോൺ. ഏബ്രഹാം വയലിൽ സമാപന ആശീർവാദം നൽകി. ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ വചന സന്ദേശം നൽകി. കെസിവൈഎം സംസ്ഥാന പ്രസിഡന്റ് വിശാഖ്

തോമസ്, രൂപത പ്രസിഡന്റ് റിച്ചാൾഡ് ജോൺ, ജനറൽ സെക്രട്ടറി അലീന മാത്യു, മേഖല പ്രസിഡന്റ് അബിൻ ആൻഡ്രൂസ്, സെക്രട്ടറി ലിറ്റോ തോമസ് എന്നിവർ നേതൃത്വം നൽകി. റോഡ് നിർമ്മാണ സമരസമിതിയും വയനാട്ടിൽ നിന്നുള്ള സമര സമിതി അംഗങ്ങളും കുരിശിന്റെ വഴി നടത്തിപ്പിന് വലിയ പിന്തുണ നൽകുകയും എല്ലാ വർക്കും നേർച്ച ഭക്ഷണം വിതരണം ചെയ്യുകയും ചെയ്തു.

**'ജീവധമനി' രക്തദാന ക്യാമ്പുകൾ**

മാർച്ച് 10 ന് കെ.സി.വൈ.എം. എസ്.എം.വൈ.എം. താമരശ്ശേരി രൂപ തയും എം.വി.ആർ. ക്യാൻസർ സെന്ററും സംയുക്തമായി സംഘ ടിപ്പിക്കുന്ന ജീവധമനി രക്തദാന ക്യാമ്പിന്റെ ഒന്നാം ക്യാമ്പ് കൂരാ ച്ചുണ്ട് മേഖലയുടെ ആതിഥേയത്വത്തിൽ കൂരാച്ചുണ്ട് സെന്റ് തോമസ് ഫൊറോന പള്ളിയിൽ വച്ച് നടത്തപ്പെട്ടു. രക്തദാന ക്യാംപിന്റെ രൂപ താതല ഉദ്ഘാടനം ഫൊറോന പള്ളി വികാരി ഫാ. വിൻസെന്റ് കണ്ടത്തിൽ നിർവഹിച്ചു. രൂപത പ്രസിഡന്റ് റിച്ചാൾഡ് ജോൺ പന്തപ്ലാക്കൽ അധ്യക്ഷത വഹിച്ചു. ഫാ. ജോയൽ കുമ്പുക്കൽ, ഡോ. അരുൺ, സെബിൻ ഏബ്രഹാം പാഴുക്കുന്നേൽ, അലോണ ജോൺസൺ പൂകമല, അലൻ ബിജു മാലശ്ശേരിൽ, ട്രഷറർ ബോണി സണ്ണി, ജോയൽ കുര്യൻ, ഡെന്നി കണ്ടത്തിൻകര, സിന്റോ ഏരി മറ്റത്തിൽ, ടിനു മുതുപ്ലാക്കൽ എന്നിവർ പ്രസംഗിച്ചു.

**ജീവധമനി – രണ്ടാം ക്യാമ്പ്**

മാർച്ച് 17 ന് ജീവധമനി രക്തദാന ക്യാമ്പിന്റെ രണ്ടാം ക്യാമ്പ് കൂരാച്ചുണ്ട് മേഖലയുടെ ആതിഥേയത്വത്തിൽ ചക്കിട്ടപ്പാറ സെന്റ് ആന്റണീസ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു. കെ.സി.വൈ.എം. താമര ശ്ശേരി രൂപത പ്രസിഡന്റ് റിച്ചാൾഡ് ജോൺ അധ്യക്ഷത വഹിച്ച ക്യാമ്പ് ചക്കിട്ടപ്പാറ ഇടവക വികാരി ഫാ. പ്രിയേഷ് തേവടിയിൽ ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് ചവർനാൽ, എം.വി.ആർ. ബ്ലഡ് ബാങ്ക് എച്ച്. ഒ. ഡി. ഡോ. നിതിൻ ഹെൻറി, യൂണിറ്റ് പ്രസിഡന്റ് ക്രിസ്റ്റി ജോസഫ് എന്നിവർ സംസാരിച്ചു. രൂപത വൈസ് പ്രസിഡന്റു മാരായ അലോണ ജോൺസൻ, അലൻ ബിജു, സംസ്ഥാന സെനറ്റ് അംഗം ആൽബിൻ ജോസ്, രൂപത ട്രഷറർ ബോണി സണ്ണി, മേഖല സെക്രട്ടറി ജോയൽ കുര്യൻ, മേഖല ട്രഷറർ ഡെന്നി കണ്ടത്തിൻകര, യൂണിറ്റ് ആനിമേറ്റർ സി. സ്നേഹ എഫ് സി സി, യൂണിറ്റ് ഭാരവാ ഹികളായ പ്രലിൻ പ്രകാശ്, നെവിൻ മാത്യു, സിയോൺ ജോസഫ്, അനഘ, സ്റ്റീവ, സെറ്റഫിൻ, പ്രെസ്റ്റിൻ, റോഷൻ ജോസഫ്, ജോയൽ ജോസഫ് എന്നിവർ നേതൃത്വം നൽകി.

**വനിതാദിനം – കെ കെ രമയുമായി ഇന്റർവ്യൂ നടത്തി**

വനിത ദിനത്തോട് അനുബന്ധിച്ച് കെ.സി.വൈ.എം. താമരശ്ശേരി രൂപതയുടെ വനിത നേതാക്കളുടെ നേതൃത്വത്തിൽ പ്രതിസന്ധിക ളുടെ കാലത്ത് തളരാതെ നിന്ന ധീര വനിതയായ കെ. കെ. രമ എം.എൽ.എ യോടോത്ത് ടീ ടൈം വിത്ത് കെ.കെ. രമ എം.എൽ.എ. എന്ന പേരിൽ സൗഹൃദ സന്ദർശനവും ആശയ സംവാദനവും നടത്തി. രൂപത വൈസ് പ്രസിഡന്റ് അലോണ ജോൺസൺ പൂകമല, ജനറൽ സെക്രട്ടറി അലീന മാത്യു ചെട്ടിപറമ്പിൽ, സെക്രട്ടറി അലോന എലിസബത്ത്, സംസ്ഥാന സിൻഡിക്കേറ്റ് അംഗമായ ആഗി മരിയ ജോസഫ്, എസ്.എം.വൈ.എം. കൗൺസിലർ ആയ ചെൽസിയ മാത്യു, രൂപത എക്സിക്യൂട്ടീവ് ആയ ഇവാഞ്ചലിൻ ജോഷി എന്നിവർ പങ്കെടുത്തു. രൂപത സമിതിയുടെ പേരിൽ മൊമെന്റോയും കൈമാറി.

സംയുക്ത സിൻഡിക്കേറ്റ്

എറണാകുളം പി.ഒ.സിയിൽ വെച്ച് നടന്ന 2024 പ്രവർത്തന വർഷത്തെ സംസ്ഥാന സമിതിയുടെ അധികാര കൈമാറ്റ ചടങ്ങിലും സംയുക്ത സിൻഡിക്കേറ്റ് യോഗത്തിലും രൂപത ഡയറക്ടർ ഫാ. ജോർജ് വെള്ളക്കാകുടിയിൽ, പ്രസിഡന്റ് റിചാൾഡ് ജോൺ, ജനറൽ സെക്രട്ടറി അലീന മാത്യു, സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായ അഭിലാഷ് കുടിപാറ, ആഗി മരിയ ജോസഫ് എന്നിവർ പങ്കെടുത്തു.

ആത്മ 2024

മാർച്ച് 13 ന് എറണാകുളം പി. ഒ. സിയിൽ വെച്ച് കെ.സി.വൈ. എം സംസ്ഥാന സമിതി നടത്തിയ ആത്മ 2024 ൽ രൂപത ഡയറക്ടർമാരുടെയും ആനിമേറ്റർമാരുടെയും യോഗത്തിൽ താമരശ്ശേരി രൂപത ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാകുടിയിൽ, ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ, ആനിമേറ്റർ സി. റൊസീൻ എസ് എ ബി എസ് എന്നിവർ പങ്കെടുത്തു.

കാട്ടുപോത്തിന്റെ ആക്രമണത്തിൽ പ്രതിഷേധ ധർണ്ണ

കക്കയത്ത് കാട്ടുപോത്തിന്റെ ആക്രമണത്തിൽ ദാരുണമായി കൊല്ലപ്പെട്ട കർഷകൻ പാലാട്ടിൽ അബ്രാഹാമിന് ആദരാഞ്ജലികൾ. സംഭവത്തിൽ പ്രതിഷേധിച്ച് കെ.സി.വൈ.എം. താമരശേരി രൂപത സമിതിയുടെ നേതൃത്വത്തിൽ കൂരാച്ചുണ്ട് ടൗണിൽ പ്രകടനവും റോഡ് ഉപരോധസമരവും നടത്തി. ഫൊറോന വികാരി ഫാ. വിൻസെന്റ് കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡൻറ് റിച്ചാൾഡ് ജോൺ അധ്യക്ഷത വഹിച്ചു. ഫാ. ജോയൽ കുമ്പുക്കൽ, സംസ്ഥാന സിൻഡിക്കേറ്റംഗം അഭിലാഷ് കുടിപ്പാറ, രൂപത സെക്രട്ടറി

ജോയൽ ആന്റണി, അബിൻ ആൻഡ്രൂസ്, കെ.വി. ഡെന്നി, സെബിൻ പാഴുക്കുന്നേൽ, നോഹൽ ജോസഫ് എന്നിവർ സംസാരിച്ചു.

കുളത്തുവയൽ തീർത്ഥാടനം

അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ നേതൃത്വത്തിൽ മാർച്ച് 21, വ്യാഴാഴ്ച രാത്രി 10 മണിക്ക് താമരശ്ശേരി മേരി മാതാ കത്തീഡ്രൽ ദേവാലയത്തിൽ നിന്നും ആരംഭിച്ച കുരിശിന്റെ വഴിയിൽ കെ സി വൈ എം – പ്രവർത്തകർ വളന്റിയേഴ്സായി മികച്ച സേവനം നൽകി. വെള്ളം വിതരണം, കുരിശിന്റെ വഴി നിയന്ത്രണം, വഴി വൃത്തിയാക്കൽ തുടങ്ങി നിരവധി സേവനങ്ങൾ പാതയിലുടനീളം നൽകാൻ യുവ ജനങ്ങളുടെ നേതൃത്വത്തിൽ സാധിച്ചു. തിരുവമ്പാടി, കോടഞ്ചേരി, താമശ്ശേരി, കൂരാച്ചുണ്ട്, മരുതോങ്കര മേഖലകളിലെ യുവജനങ്ങൾ മൂന്ന് ഷിഫ്റ്റായി ദൗത്യം പൂർത്തീകരിച്ചു.

അറിയിപ്പുകൾ

1. എം വൈ സി (മേഖല യൂത്ത് കോൺഫറൻസ്)

2024 കെസിബിസി യുവജന വർഷത്തിന്റെ ഭാഗമായി രൂപതയിലെ കെ സിവൈഎം യൂണിറ്റ് നേതൃത്വത്തിലുള്ളവർക്കായി ഏകദിന യുവജന കോൺഫറൻസ് സംഘടിപ്പിക്കുന്നു. ഏപ്രിൽ, മെയ് മാസങ്ങളിലായി രൂപതയിലെ 11 മേഖലകളിലായി നടത്തപ്പെടുന്ന ഈ പരിപാടിയിൽ ഇടവക കെ സി വൈ എം യൂണിറ്റ് ഭാരവാഹിത്വത്തിലുള്ള 10 പേ രെയും പറഞ്ഞയക്കുമല്ലോ. രാവിലെ 9 മണിക്ക് ആരംഭിച്ച് വൈകിട്ട് 4.30 ന് സമാപിക്കുന്ന രീതിയിൽ ക്രമീകരിച്ചിരിക്കുന്ന പരിപാടിയിൽ യുവജന വർഷകർമ്മ പരിപാടികൾ, ലീഡർഷിപ്പ്– പ്രസംഗപരിശീലന കളരി, സംഘടന സംവിധാനാത്മകത, ഐസ് ബ്രേക്കിങ് & എന്റർടെ യ്ൻമെന്റ്സ്, ഭാരതവളർച്ചയ്ക്കായി ക്രൈസ്തവർ നൽകിയ സംഭാവ നകൾ, റൂബി ജൂബിലി യൂത്ത് ഫോർമേഷൻ പ്രൊജക്ട് – പ്രാഥമിക ചർച്ച, ആനുകാലിക വിഷയത്തെ സംബന്ധിച്ച പൊതു പരിപാടി എന്നിവ ഉൾക്കൊള്ളിച്ചിരിക്കുന്നു. സ്ഥലം, രജിസ്ട്രേഷൻ ഫീസ് സംബന്ധിച്ച വിവരങ്ങൾ മേഖലയിൽ നിന്നും അറിയിക്കുന്നതായിരി ക്കും. രജിസ്ട്രേഷൻ ഫീസ് യൂണിറ്റ് ഫണ്ടിൽ നിന്നും നൽകുമല്ലോ. പ്രിയമുള്ള വികാരിയച്ചൻമാരെയും അനിമേറ്റേഴ്സിനെയും മേഖല യൂത്ത് കോൺഫറസിലേക്ക് സ്വാഗതം ചെയ്യുകയും എല്ലാ സഹകര ണങ്ങളും അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

നിശ്ചയിച്ചിരിക്കുന്ന തിയ്യതികൾ

ഏപ്രിൽ 6 പാറോപ്പടി – ഉദ്ഘാടനം

ഏപ്രിൽ 13 തോട്ടുമുക്കം

ഏപ്രിൽ 14 കോടഞ്ചേരി
ഏപ്രിൽ 20 കൂരാച്ചുണ്ട്
ഏപ്രിൽ 21 മലപ്പുറം
ഏപ്രിൽ 27 പെരിന്തൽമണ്ണ
മെയ് 4 താമരശ്ശേരി
മെയ് 11 കരുവാരക്കുണ്ട്
മെയ് 18 മരുതോങ്കര
മെയ് 25 വിലങ്ങാട്
മെയ് 26 തിരുവമ്പാടി

2. പിക്സൽസ് – മീഡിയ വിങ് ഫോർമേഷൻ

മീഡിയ വിങ്ങിന്റെ നേതൃത്വത്തിൽ ഏപ്രിൽ 10 ന് താമരശ്ശേരിയിൽ വെച്ച് മീഡിയ വിങ് ഫോർമേഷൻ സംഘടിപ്പിക്കുന്നു. ഫോൺ മുഖേനയുള്ള വീഡിയോ ക്രിയേഷൻ, പോസ്റ്റർ ക്രിയേഷൻ എന്നിവയ്ക്കുള്ള വിദഗ്ദമായ ആപ്ലിക്കേഷൻ പരിശീലവും പ്രാക്ടീസുമാണ് നൽകുന്നത്. എല്ലാ മേഖലയിൽ നിന്നും അഞ്ചിൽ കുറയാതെ താത്പര്യമുള്ള യുവജനങ്ങളെ പറഞ്ഞയക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

3. നിലാവുകൂട്ടം

അവധിക്കാലത്ത് നിലാവുകൂട്ടങ്ങൾ സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഇടവകകളിൽ യുവജനങ്ങളെ വിളിച്ചു ചേർക്കാൻ സാധിക്കുന്ന തിയ്യതികൾ വികാരിയച്ചൻമാർ അറിയിക്കുമല്ലോ.

4. ഹോളി ഫയർ – പെന്തക്കുസ്താ ഒരുക്ക പ്രാർത്ഥനായജ്ഞം

2 ലക്ഷം യുവജന വർഷ പ്രാർത്ഥനകൾ ചൊല്ലി യുവജനങ്ങൾ പരിശുദ്ധാത്മാവിനാൽ നിറയാൽ പ്രാർത്ഥിക്കുന്ന പെന്തക്കുസ്താ ഒരുക്ക പ്രാർത്ഥന യജ്ഞം ഏപ്രിൽ 1 മുതൽ മെയ് 19 വരെ നടത്തുന്നു. പ്രത്യേക നിയോഗങ്ങൾക്കയി നടത്തുന്ന ഈ പ്രാർത്ഥനാ യജ്ഞത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ വാട്സ് ആപ്പ് ഗ്രൂപ്പിൽ ചേരുമല്ലോ.

5. അഢകഢ യുവജന കൺവെൻഷൻ

കോഴിക്കോട് ഗത്സെമൻ ധ്യാനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ എം എസ് എം ഐ സിസ്റ്റേഴ്സിന്റെ സംഘടിപ്പിക്കുന്ന അഢകഢ യുവജന കൺവെൻഷൻ ഈ വർഷവും ക്രമീകരിക്കുകയാണ്. 2024 ഏപ്രിൽ 18 വ്യാഴം മുതൽ 21 ഞായർ വരെ നടത്തുന്ന കൺവെൻഷനിൽ കെ സി വൈ എം – എസ് എം വൈ എം താമരശ്ശേരി രൂപതയും രൂപത ക്യാറ്റക്കിസം ഡിപ്പാർട്ട്മെന്റും സഹകാരികളാകുന്നു. ഇടവകയിൽ ഇക്കാര്യം പൊതുവായി അറിയിക്കുമല്ലോ.

**നിർദ്ദേശങ്ങൾ**

1. ഒരു ഇടവകയിൽ നിന്ന് കുറഞ്ഞത് 10 യുവജനങ്ങളെ പ്രതീക്ഷിക്കുന്നു. ആൺകുട്ടികളെയും പെൺകുട്ടികളെയും പറഞ്ഞയക്കുമല്ലോ. 15 നും 25 നും ഇടയിലുള്ള യുവജനങ്ങളെയാണ് പറഞ്ഞയക്കേണ്ടത്.

2. രജിസ്ട്രേഷൻ ഫീസ് 300 രൂപയായിരിക്കും.

3. സമ്പൂർണ്ണ ബൈബിൾ, ജപമാല, നോട്ട്ബുക്ക്, പേന എന്നിവ കൊണ്ടു വരേണ്ടതാണ്.

4. ബെഡ് ഷീറ്റ്, പുതപ്പ്, ടോയ്‌ലറ്റ് നിത്യോപയോഗ സാധനങ്ങൾ, സ്ഥിരമായി കഴിക്കുന്ന മരുന്ന് എന്നിവ കൊണ്ടുവരേണ്ടതാണ്.

5. ഗൂഗിൾ ഫോം വഴിയോ തന്നിരിക്കുന്ന ഫോൺ നമ്പർ മുഖേനയോ ബുക്ക് ചെയ്യാവുന്നതാണ്. 8547527653, 9249676566

6. ഈസ്റ്റർ യുത്ത് – കൺഫെഷൻ

വിവിധ സംസ്ഥാനങ്ങളിലും വിദൂരത്തുമായി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വി. കുമ്പസാരം നടത്താൻ അവസരം ഒരുക്കുന്നു. അവധിക്കായി താമസിച്ച് എത്തുന്നവർക്ക് ദുഃഖശനിയാഴ്ച വി.കുമ്പസാരത്തിന് വിവിധ ആശ്രമങ്ങളിൽ അവസരം ഒരുക്കുന്നു. വി. കുമ്പസാരത്തിനായി ഗൂഗിൾ ഫോം മുഖേന രജിസ്റ്റർ ചെയ്യുമല്ലോ.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
**ഡയറക്ടർ, കെ.സി,വൈ.എം – എസ്.എം.വൈ.എം**

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

പ്രോ–ലൈഫ് ദിനം സമുചിതമായി ആഘോഷിച്ചു

മംഗലവാർത്ത ദിനമായ മാർച്ച് 25 ആഗോള കത്തോലിക്കാ സഭ പ്രോ–ലൈഫ് ദിനമായി ആചരിച്ചു. ആഗോള കത്തോലിക്കാ സഭയോടൊപ്പം താമരശ്ശേരി രൂപത മരിയൻ പ്രോ–ലൈഫും സമൂചിതമായി ആഘോഷിച്ചു. കഴിഞ്ഞ വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി പ്രോ– ലൈഫ് ദിനം പ്രാർത്ഥനാദിനമായി ആചരിച്ചു. തിരുവമ്പാടി ഫൊറോന ദൈവാലയത്തിൽ വൈകുന്നേരം 7 മണി മുതൽ 11 മണി വരെ ജാഗരണ പ്രാർഥന നടത്തി. ലോകം മുഴുവനുമുള്ള പ്രോ – ലൈഫ് പ്രവർത്തകർക്കും കുടുംബങ്ങൾക്കും മക്കളില്ലാത്ത ദമ്പതിമാർക്കും പ്രായമായിട്ടും വിവാഹം നടക്കാത്തവർക്കും ലഹരി വസ്തുക്കൾക്ക് അടിപ്പെട്ടവർക്കും വേണ്ടിയും ജീവനെതിരെയുള്ള തിന്മകൾക്കെതിരെയും ജപമാല ചൊല്ലിയും ആരാധന നടത്തിയും പ്രാർത്ഥിച്ചു.

പ്രാർത്ഥനയ്ക്ക് ഡയറക്ർ ഫാ. ജോസ് പെണ്ണാപറമ്പിൽ,ഫൊറോന വികാരി ഫാ. തോമസ് നാഗപറമ്പിൽ ഫാ. ആൽബിൻ വിലങ്ങുപാറ ആനിമേറ്റർ സി. മെറിൻ എസ്. എച്ച്., സി. റോസ് മരിയ സി.എം.സി, സി. ഡാനി സി.എം.സി, പ്രസിഡന്റ് ശ്രീ. സജീവ് പുരയിടത്തിൽ സെക്രട്ടറി ജോൺസൻ തെങ്ങുംതോട്ടത്തിൽ കെ.സി.ബി.സി സംസ്ഥാന ട്രഷറർ ശ്രീ. ടോമി പ്ലാത്തോട്ടം, സെക്രട്ടറി സിമിലി സുനിൽ എന്നിവർ നേതൃത്വം നൽകി. വിവിധ ഇടവകകളിൽ നിന്നും നൂറോളം പ്രവർത്തകർ പ്രാർത്ഥനയിൽ പങ്കെടുത്തു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
**ഡയറക്ടർ, മരിയൻ പ്രോ–ലൈഫ് മൂവ്മെന്റ്**

# യൂദിത്ത് ഫോറം

സ്നേഹമുള്ള വൈദികരെ

താമരശ്ശേരി രൂപതയിൽ പ്രവർത്തിക്കുന്ന വിധവകളുടെ സംഘടനയായ യൂദിത്ത് ഫോറത്തിന്റെ രൂപതാതല സമ്മേളനം ഏപ്രിൽ അഞ്ചാം തീയതി വെള്ളിയാഴ്ച തിരുവമ്പാടി ഫൊറോന ദൈവാലയത്തിൽ വച്ച് 9.30 ന് ആരംഭിച്ച് 1.00 ക്ക് അവസാനിക്കുന്ന പ്രസ്തുത സംഗമത്തിലേക്ക് ഓരോ ഇടവകയിൽ നിന്നും വിധവകളായവരെ പറഞ്ഞയക്കണമെന്ന് താല്പര്യപ്പെടുന്നു. ഓരോ ഇടവകയിൽ യൂദിത്ത് ഫോറത്തിന്റെ യൂണിറ്റ് രൂപീകരിക്കണം. ഇടവകയിലെ കോൺവെന്റിലെ മദറിനെ ആനിമേറ്ററായും പ്രസിഡന്റ്, സെക്രട്ടറി ട്രഷറർ, തുടങ്ങിയവർ ഭാരവാഹികളായും ഒരു ടീം രൂപീകരിക്കണമെന്ന് സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു. ഇടവകയിലെ എല്ലാ വിധവകളുടെയും പേരും വീട്ടുപേരും ഫോൺ നമ്പറും അടങ്ങുന്ന ലിസ്റ്റ് ആനിമേറ്ററുടെ പക്കൽ ഏൽപ്പിക്കുമല്ലോ.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
**ഡയറക്ടർ, യൂദിത്ത്ഫോറം**

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

കുളത്തുവയൽ എസിയുടെ വാർഷിക സമ്മേളനം 2024 ഫെബ്രു വരി 24 തീയതി ശനിയാഴ്ച കല്ലാനോട് സെന്റ് മേരിസ് ദൈവാലയ ത്തിൽ വച്ച് നടത്തപ്പെട്ടു. 9 മണിക്ക് ജപമാലക്ക് ശേഷം 9. 30ന് ഫാ. അലൻ പതിയിൽ സി.എം.ഐ യുടെ മുഖ്യ കാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. പ്രാരംഭ പ്രാർത്ഥനയോടെ ആരംഭിച്ച വാർഷിക സമ്മേളനത്തിൽ സിസി പ്രസിഡ് ബ്രദർ തോമസ് പുലിക്കോട്ടിൽ അധ്യക്ഷത വഹിച്ചു. ഫാ. ജിനോ ചുയിൽ ഉദ്ഘാടനം ചെയ്തു. സിസി വൈസ് പ്രസിഡ് ബ്രദർ ഐസക് പാറക്കുളങ്ങര ആശംസകൾ അർപ്പിച്ചു. എസി സെക്രട്ടറി ബ്രദർ ഷാജു പുത്തൻപുര റിപ്പോർട്ടും കണക്കുകളും അവതരിപ്പിച്ചു. ഫാ. അമൽ കൊച്ചുകൈപ്പേൽ വിൻസെൻഷ്യൽ മനോഭാവത്തെ കുറിച്ച് ക്ലാസ്സുകൾ എടുത്തു. സ്നേഹവിരുന്നോടുകൂടി യോഗം അവസാ നിച്ചു.

തിരുവമ്പാടി എസിയുടെ വാർഷിക സെമിനാർ 2024 മാർച്ച് രാം തീയതി ശനിയാഴ്ച തിരുവമ്പാടിയിൽ വച്ച് നടത്തപ്പെട്ടു. 9 മണിക്ക് ജപമാലയോടുകൂടി ആരംഭിച്ചു. ഫാ. തോമസ് നാഗപറമ്പി ലിന്റെ പ്രധാന കാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. സിസി പ്രസിഡ് ബ്രദർ തോമസ് പുലിക്കോട്ടിൽ സാറിന്റെ അധ്യക്ഷതയിൽ 10.45 യോഗം ആരംഭിച്ചു. ആത്മീയ ഉപദേഷ്ടാവ് ഫാ. തോമസ് നാഗപറമ്പിൽ യോഗം ഉദ്ഘാടനം ചെയ്തു. മുൻ സിസി പ്രസിഡന്റുമാരായ ബ്രദർ സ്കറിയ നെല്ലിക്കതെരുവിൽ, ബ്രദർ തോമസ് കൊച്ചുപ്ലാക്കൽ, ബ്രദർ സിറിയക് പാലംതട്ടിൽ, സിസി വനിത കോഡിനേറ്റർ സിസ്റ്റർ സിനി തുംകുളം, എസി സെക്രട്ടറി സിസ്റ്റർ മേരി കിഴക്കേവീട്ടിൽ, ബ്രദർ ജെയിംസ് എന്നിവർ പ്രസംഗിച്ചു. 11.45 മുതൽ 'വിൻസൻഷൻ പ്രവർത്തനവും ജീവിത ശൈലിയും' എന്ന വിഷയത്തെക്കുറിച്ച് ഫാ. ഡോ. ജോസ് വടക്കേടം ക്ലാസുകൾ എടുത്തു ഒരുമണിക്ക് സ്നേഹവിരുന്ന് യോഗം അവസാനിച്ചു.

താമരശ്ശേരി സിസിയുടെ ആഭിമുഖ്യത്തിൽ ലീഡേഴ്സ് ട്രെയി നിങ് പ്രോഗ്രാം 2024 മാർച്ച് എട്ടാം തീയതി വെള്ളിയാഴ്ച പാറോപ്പടി യിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 9 മണിക്ക് ഫാ. തോമസ് നാഗ പറമ്പിലിന്റെ കാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് ഫാ. ജോസഫ് കളരിക്കലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ഫാ.

തോമസ് നാഗപറമ്പിൽ ഉദ്ഘാടനം ചെയ്തു. വരാപ്പുഴ മുൻ സിസി പ്രസിഡ് ബ്രദർ ആന്റണി കുറ്റിശ്ശേരി ക്ലാസുകൾ നയിച്ചു. വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നിയമാവലി വിശദീകരിക്കാനും ഓരോരുത്തരുടെയും ചുമതലകൾ ഓർമ്മപ്പെടു ത്താനും തന്റെ ക്ലാസിലൂടെ ബ്രദർ ആന്റ ണിക്ക് സാധിച്ചു. താമരശ്ശേരി സിസിക്ക് കീഴിലുള്ള എല്ലാ കോൺ ഫറൻസുകളിലെയും പ്രസി ഡ്, സെക്രട്ടറി, ഖജാൻജി എന്നിവർ ഈ യോഗത്തിൽ പങ്കെടുത്തു.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
**CC പ്രസിഡന്റ്**

# കരിസ്മാറ്റിക് മൂവ്മെന്റ്

കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ സുവർണ്ണ ജുബിലിക്ക് ഒരുക്കമായി നടത്തുന്ന സഹസ്രദിന ഉപവാസ പ്രാർത്ഥന നമ്മുടെ സോണിൽ ഫെബ്രുവരി 20–ാം തീയതി കൂരാച്ചുണ്ട്, സെന്റ് തോമസ് ഫോറോനാ ദേവാലയത്തിൽ നടന്നു. സോണൽ അനിമേറ്റർ ഫാ. സായി പാറൻകുളങ്ങരയും സബ് സോൺ അനിമേറ്റർ ഫാ. വിൻസന്റ് കറുകമാലിയും ചേർന്ന് ജൂബിലി തിരി തെളിച്ചുകൊണ്ട് ആരംഭിച്ചു. വിശുദ്ധ കുർബ്ബാനയിലും ആരാധനയിലും മദ്ധ്യസ്ഥ പ്രാർത്ഥന യിസും ധാരാളം പേർ പങ്കെടുത്തു. സബ് സോൺ കോ–ഓർഡിനേറ്റർ ഷാജു കാഞ്ഞിരത്തിങ്കൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അർപ്പിച്ചു.

പെനുവേൽ

നമ്മുടെ സോണിലെ എല്ലാ ഇടവകകളിലും പ്രാർത്ഥനാ ഗ്രൂപ്പ് ശക്തിപ്പെടുത്താനായി പാരിഷ് മിനിഷ്ട്രിയും, സോണൽ, സബ് സോണൽ നേതൃത്വങ്ങളും സംയുക്തമായി ചേർന്ന് നടത്തുന്ന 'പെനുവേൽ' ഈവനിംഗ് കൺവെൻഷനുകൾ മാർച്ച് 1 ന് വിലങ്ങാട് സെന്റ് ജോർജ്ജ് ദൈവാലയത്തിലും, മാർച്ച് 8 ന് കട്ടിപ്പാറ ഹോളി ഫാമിലി ദൈവാലയത്തിലും, മാർച്ച് 15 ന് കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിലും നടക്കുകയുണ്ടായി.

ശിഷ്യത്വ പരിശീലനം

കേരളത്തിലെ എല്ലാ സോണുകളിലും കെ.സി.എസ്.സി യുടെ നേതൃത്വത്തിൽ നടത്തി വരുന്ന ശിഷ്യത്വ പരിശീലനത്തിന്റെ നാലാം പാ

ദം 'ദൗത്യം' എന്ന വിഷയത്തിലുള്ള പരിശീലന പരിപാടി മാർച്ച് 8 ന് പി.എം.ഒ.സി യിൽ വച്ച് നടത്തി. സോണിലെ എല്ലാ സബ് സോണുകളിലും നിന്നുള്ള 140 പേർ പരിശീലനത്തിൽ പങ്കെടുത്തു. ഫാ. സായി പാറൻകുളങ്ങര ആമുഖ സന്ദേശം നൽകുകയും വിശുദ്ധ ബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. കെ.സി.എസ്.സി അംഗം ശ്രീ. സാബു. എം വർഗ്ഗീസ് ക്ലാസ്സുകൾ നയിച്ചു. സോണൽ കോ– ഓഡിനേറ്റർ സാജൻ അറക്കപ്പറമ്പിൽ പങ്കെടുത്ത എല്ലാവർക്കും നന്ദിയർപ്പിച്ചു.

**ഫാ. സായി പാറൻകുളങ്ങര**
**സോണൽ ആനിമേറ്റർ**

# ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു" ( 1 പത്രോസ് 2:24)

പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും നാളുകളായ നോമ്പുകാലം – ചിലർക്ക് ജീവിതത്തിലെ സഹനങ്ങളുടെ കുരിശുകളെ വിശുദ്ധ കുരിശിനോട് ചേർത്തുവയ്ക്കുന്നതിന്റെ ആശ്വാസം. മറ്റുചിലർക്ക് ആത്മാവിൽ പുരണ്ട പാപക്കറകൾ ഈശോയുടെ തിരുശരീരത്തിൽ നിന്നിറ്റുവീഴുന്ന ചോരത്തുള്ളികളാൽ കഴുകികളയുന്നതിന്റെ ആശ്വാസം, വേറെചിലർക്ക് ദുഃഖവെള്ളികൾ മറക്കാനും ഉയിർപ്പിന്റെ ആനന്ദമനുഭവിക്കാനും കഴിയുന്നതിന്റെ ആശ്വാസം ബഥാനിയായിൽ കടന്നുവന്നവർക്ക് യഥാർത്ഥ ദൈവാനുഭവം ലഭിക്കുന്ന നിരവധി ശുശ്രൂഷകളായിരുന്നു ഈ മാസം ബഥാനിയായിൽ ഒരുക്കിയിരുന്നത്.

ധ്യാനങ്ങൾ

മാർച്ച് മാസത്തിൽ താമസിച്ചുള്ള രണ്ട് ധ്യാനങ്ങൾ ഉണ്ടായിരുന്നു. 8 മുതൽ 11 വരെയും 24 മുതൽ 27 വരെയുമായിരുന്നു ധ്യാനങ്ങൾ. നോമ്പുകാലചൈതന്യം ഉൾക്കൊണ്ട് വിശുദ്ധവാര തിരുക്കർമ്മങ്ങൾക്കായി ഒരുങ്ങുവാൻ സഹായകരമായ രീതിയിലാണ് ധ്യാനങ്ങൾ ക്രമീകരിക്കപ്പെട്ടിരുന്നത്. ബഥാനിയായിലെ ധ്യാനങ്ങളിൽ ധാരാളം പേർ കുടുംബസമേതം പങ്കെടുക്കുന്നു എന്നത് ഒരു പ്രത്യേകതയാണ്. വ്യക്തിജീവിതം വിശുദ്ധീകരിക്കുന്നതിലൂടെ കുടുംബജീവിതം വിശുദ്ധീകരിക്കാം എന്ന് മനസ്സിലാക്കിയാമ് കുടുംബം ഒരുമിച്ച് ധ്യാനി

ക്കുന്നത്. ബഥാനിയ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുളിക്കലാണ് ധ്യാനം നയിച്ചത്.

ഇടവകധ്യാനങ്ങൾ

ബഥാനിയായിലെ തിരുക്കുകൾക്കിടയിലും രണ്ട് ഇടവകകളിലെ വാർഷിക ധ്യാനങ്ങൾ ബഥാനിയ ടീം നയിക്കുകയുണ്ടായി. മാർച്ച് 3 മുതൽ 6 വരെ മാനന്തവാടി രൂപതയിലെ ഒണ്ടയങ്ങാടി ഇടവകയിലും 18 മുതൽ 21 വരെ താമരശ്ശേരി രൂപതയിലെ കണ്ണോത്ത് ഇടവകയിലുമായിരുന്നു ധ്യാനങ്ങൾ. ഇടവകാംഗങ്ങളാൽ നിറഞ്ഞ ദൈവാലങ്ങൾ ധ്യാനശുശ്രൂഷകളിൽ പങ്കെടുക്കുവാനുള്ള അവരുടെ ആഗ്രഹത്തിന്റെ അടയാളമായിരുന്നു. ബഹു. സെബാസ്റ്റ്യൻ പുളിക്കൽ അച്ചന്റെ നേതൃത്വത്തിലുള്ള മൂന്നംഗടീമാണ് ധ്യാനം നയിച്ചത്.

ഏകദിനകൺവെൻഷനുകൾ

ഈ മാസം ദുഃഖവെള്ളിയാഴ്ച ഒഴിച്ച് മറ്റെല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻഷനുകൾ നടന്നു. നോമ്പുകാലമായതിനാൽ കുമ്പസാരിച്ച് ഒരുങ്ങി ശുശ്രൂഷകളിൽ പങ്കെടുക്കുവാൻ ധാരാളം പേരെത്തിയിരുന്നു.

ഒന്നാം തീയതി ആദ്യവെള്ളിയാഴ്ച ആവേമരിയ ഹാളിൽ നടന്ന ശുശ്രൂഷയിൽ പങ്കെടുക്കുവാൻ വന്നവരെക്കൊണ്ട് ഹാളും പരിസരവും നിറഞ്ഞിരുന്നു. ആദ്യ വെള്ളിയാഴ്ച ശുശ്രൂഷയുടെ പ്രത്യേകതയായ ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ ജനമധ്യത്തിലേയ്ക്ക് എഴുന്നള്ളിവന്ന ഈശോയെ ഹർഷാരവങ്ങളോടെയാണ് വിശ്വാസിസമൂഹം സ്വീകരിച്ചത്.

പരീക്ഷയ്ക്കൊരുങ്ങുന്ന കുട്ടികൾക്കായി പ്രത്യേക പ്രാർത്ഥനയും അന്നേദിവസം ഉണ്ടായിരുന്നു.

രാവിലെ 9 മണിക്ക് ആരംഭിച്ച കൺവെൻഷനിൽ കുരിശിന്റെ വഴി, ജപമാല, സ്തുതി ആരാധന, ദിവ്യകാരുണ്യ ആരാധന, സൗഖ്യശുശ്രൂഷ, ഡെലിവറൻസ് ശുശ്രൂഷ, വി. കുർബാന, വചനസന്ദേശം, വി. കുമ്പസാരം, സ്പിരിചൽ ഷെയറിങ്ങ് തുടങ്ങിയവ ഉണ്ടായിരുന്നു.

വി. കുർബാനയും വി. കുമ്പസാരവും

ഞായർ ഒഴികെ എല്ലാ ദിവസവും മൂന്നു വിശുദ്ധ കുർബാനകൾ ഉണ്ടായിരുന്നു. രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വൈകിട്ട് 7 മണിക്കും അപ്പിക്കപ്പെട്ട വി. കുർബാനകളിൽ ധാരാളം പേർ പങ്കെടുക്കുകയുണ്ടായി. എല്ലാ ദിവസവും ഉണ്ടായിരുന്ന വി. കുമ്പസാരം നോമ്പിന്റെ ചൈതന്യത്തിൽ ജീവിക്കുവാൻ ആഗ്രഹിച്ച വർക്ക് അനുഗ്രഹപ്രദമായിരുന്നു.

സ്പിരിചൽ ഷെയറിങ്ങ്

ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിൽ സ്പിരിചൽ ഷെയറിങ്ങ് ഉണ്ടാ

യിരുന്നു. ജീവിതത്തിലെ പ്രതിസന്ധികളുടെ മുമ്പിൽ തളർന്നുപോകുന്നവർക്ക് ആശ്വാസവും ധൈര്യവും പകരുന്ന ഈ ശുശ്രൂഷയിൽ അനേകർ പങ്കെടുക്കാനിടയായി. പ്രത്യേകം പരിശീലനം നേടിയ ബഹു. സമർപ്പിതരും അത്മായരുമാണ് ഈ ശുശ്രൂഷ നയിക്കുന്നത്.

മദ്ധ്യസ്ഥപ്രാർത്ഥന

പരിഹാര ചാപ്പലിലും സെന്റ് മേരീസ് ചാപ്പലിലുമായി നടക്കുന്ന മദ്ധ്യസ്ഥപ്രാർത്ഥനയാണ് ബഥാനിയായിലെ എല്ലാ ശുശ്രൂഷകളുടെയും ശക്തിസ്രോതസ്സ്. പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരാണ് ഈ പ്രാർത്ഥനയിൽ പങ്കാളികളാകുന്നത്.

ഏപ്രിൽ, മെയ് മാസങ്ങളിൽ കുട്ടികൾക്കായുള്ള അവധിക്കാല ധ്യാനങ്ങൾ

| | |
|---|---|
| 8–11 | –അൾത്താര സംഘം കുട്ടികൾക്ക് ധ്യാനം |
| 13–16 | –4,5,6,7 ക്ലാസ്സുകളിലെ കുട്ടികൾക്ക് ധ്യാനം |
| 27–30 | –8,9,10,11 ക്ലാസ്സുകളിലെ കുട്ടികൾക്ക് ധ്യാനം |
| 4–7 | –+2 ക്ലാസ്സിലെ കുട്ടികൾക്ക് ധ്യാനം |
| 10–13 | –+2 ക്ലാസ്സിലെ കുട്ടികൾക്ക് ധ്യാനം |

ഏപ്രിൽ മാസത്തെ ശുശ്രൂഷകൾ

| | |
|---|---|
| 05 വെള്ളി | –ഏകദിനകൺവെൻഷൻ |
| 12 വെള്ളി | –ഏകദിനകൺവെൻഷൻ |
| 17 ബുധൻ | –താമരശ്ശേരി രൂപത സമർപ്പിത സംഗമം |
| 19 വെള്ളി | –ഏകദിന കൺവെൻഷൻ |
| | –ജീവിത വിശുദ്ധീകരണ ധ്യാനം |
| 26 വെള്ളി | –ഏകദിന കൺവെൻഷൻ |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
**ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം**

# വികസന വേദി

**കാൻസർ ദിനാചരണം**

തിരുവമ്പാടി ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ ആനക്കാംപൊയിൽ സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് കാൻസർ സ്ക്രീനിംഗ് ക്യാമ്പും, കാൻസർ ദിന ബോധവത്കരണ ക്ലാസ് നടത്തി. സെന്റ് മേരീസ് ഇടവക വികാരി ഫാ. അഗസ്റ്റിൻ പാറ്റാനിയിൽ ഉദ്ഘാടനം ചെയ്തു. സി.ഒ.ഡി. യുടെ മുൻകാല പ്രവർത്തനങ്ങളെക്കുറിച്ചും അച്ചൻ ഉണ്ടാ യിരുന്ന വെറ്റിലപ്പാറ ഗ്രാമവികസന സമിതി നല്ല രീതിയിൽ നടക്കുന്നതി നെക്കുറിച്ചും ജനങ്ങളുടെ പങ്കാളിത്തത്തെക്കുറിച്ചും സംസാരിച്ചു. പഞ്ചായത്ത് ക്ഷേമകാര്യ ചെയർപേഴ്സൺ രാജു അമ്പലത്തിങ്കൽ അദ്ധ്യക്ഷം വഹിച്ചു. കാൻസർ വരുന്നതിനു മുന്നോടിയായി ടെസ്റ്റ് ചെയ്യുന്നതിനെക്കുറിച്ചു സംസാരിച്ചു. തിരുവമ്പാടി പ്രാഥമികാരോഗ്യ കേന്ദ്രം ജീവനക്കാർ കാൻസർദിന ബോധവത്കരണ ക്ലാസ് നയിച്ചു. സ്ത്രീകൾക്കും പുരുഷന്മാർക്കും കാൻസർ വരുന്ന ലക്ഷണങ്ങളും സ്വയം ചെയ്യേണ്ട ടെസ്റ്റുകളെക്കുറിച്ചും പറഞ്ഞു. ബ്രെസ്റ്റ് കാൻസർ ടെസ്റ്റ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഫ്രീയായി ചെയ്തുകൊടുക്കുന്നതാണെന്നും പറഞ്ഞു. നല്ല പച്ചക്കറി തോട്ടം നിർമ്മിച്ച വ്യക്തികൾക്ക് ഫസ്റ്റ്, സെക്കൻഡ് സമ്മാനവും 5 പേർക്ക് പ്രോത്സാഹന സമ്മാനവും നല്കി ആദരിച്ചു. 55 പേർ പരിപാടിയിൽ പങ്കെടുത്തു. സി.ഒ.ഡി. ഏരിയ കോർഡിനേറ്റർ, ഗ്രാമവികസന സമിതി ഭാരവാഹികൾ എന്നിവർ നേതൃത്വം കൊടുത്തു.

ഗ്രാമ വികസന സമിതി കോടഞ്ചേരി കാൻസർ ദിന ബോധവത് കരണ ക്ലാസ് സംഘടിപ്പിച്ചു. കോടഞ്ചേരി ആരോഗ്യകേന്ദ്രത്തിലെ സിസ്റ്റർ ഷിത എബി ക്ലാസ് നയിച്ചു. വിലങ്ങാട് ഗ്രാമ വികസന സമിതി യിൽ വച്ച് നാദാപുരം ഹോസ്പിറ്റൽ സ്റ്റാഫ് നഴ്സ് കാൻസർ ദിന ബോ ധവത്കരണ ക്ലാസ് നയിച്ചു.

ഗ്രാമ വികസന സമിതി കൂരാച്ചുണ്ട്

കൂരാച്ചുണ്ട് ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിലുള്ള AFMA അംഗങ്ങൾ വയലട, കാരിയാത്തുംപാറ, പാറക്കടവ്, തോണിക്കടവ് എന്നിവിടങ്ങളിൽ ഉല്ലാസയാത്ര നടത്തി കലാപരിപാടികൾ

അവതരിപ്പിച്ചു. കാറ്റുള്ളമല ദർശന മഹിളാ സമാജം അംഗങ്ങൾ 10 കിലോ വെളിച്ചണ്ണക്ക് മുറിവെണ്ണ ഉണ്ടാക്കി വിൽക്കുന്നു. Contact No :7561817244 (100 ml Rs.175 ) സി.ഒ.ഡി.ഏരിയ കോർഡിനേറ്റർ പരിശീലനത്തിന് നേതൃത്വം നല്കി.

ഗ്രാമ വികസന സമിതി പരിയാപുരം

പരിയാപുരം സെന്റ് മേരീസ് ഹൈ സ്കൂളിൽ വച്ച് അങ്ങാടിപ്പുറം ആരോഗ്യ കേന്ദ്രം ഖജഒച കാൻസർ ദിന ബോധവത്കരണ ക്ലാസ് എടുത്തു. സ്റ്റാഫ് നേഴ്സ് സെൽഫ് ടെസ്റ്റ് നടത്തി. ബിപി, ഷുഗർ എന്നിവ നോക്കി. വിറ്റാമിൻ ഗുളിക നല്കി. പരിയാപുരം ഗ്രാമ വികസന സമിതിയിൽ വച്ച് ഹെർബൽ മെഡിസിൻ തയ്യാറാക്കി. സി.ഒ.ഡി.ഏരിയ കോർഡിനേറ്റർ പരിപാടികൾക്ക് നേതൃത്വം കൊടുത്തു.

ഗ്രാമ വികസന സമിതി വെറ്റിലപ്പാറ

വെറ്റിലപ്പാറ ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ കാൻസർ ദിനാചരണം നടത്തി. മാടക്കയം ഞഇഇ യിൽ വച്ച് ടുമാറ്റോ സോസ്, പൈനാപ്പിൾ ജാംഎന്നീ ഭക്ഷ്യ നിർമ്മാണ പരിശീലനം നടത്തി. ശ്രീമതി സാലി മാത്യു പരിശീലനം നല്കി. അഎങ്ങഅ അംഗങ്ങൾ വായനാട്ടിലേക്ക് ഉല്ലാസയാത്ര നടത്തി.

ജലജീവൻ പദ്ധതി

താമരശ്ശേരി പഞ്ചായത്തിൽ ജലജീവൻ പദ്ധതിയുടെ ഭാഗമായി കെടവൂർ എൽ.പി. സ്കൂളിൽ വച്ച് പെൻസിൽ ഡ്രോയിംഗ് മത്സരം നടത്തി. വെഴുപ്പൂർ എൽ.പി. സ്കൂളിൽ വച്ച് ജലസംരക്ഷണവും ജലജന്യ രോഗങ്ങളും എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ്സ് നടത്തി. ജലജീവൻ ടീം ലീഡർ ആഷിക, ഇന്റേർഷിപ് ട്രെയിനിങ് വിദ്യാർത്ഥികൾ എന്നിവർ നേതൃത്വം നല്കി.

ആക്ടിവ സ്കൂട്ടർ വിതരണം

ഇഛഉ യുടെ ആഭിമുഖ്യത്തിൽ നാഷണൽ ചഏഛ കോൺഫെഡറേഷന്റെ 50% സാമ്പത്തിക സഹായത്തോടെ വുമൺ ഓൺ വീൽസ് പദ്ധതിയിലൂടെ വനിതകൾക്ക് ആക്ടിവ സ്കൂട്ടർ വിവിധ ഘട്ടങ്ങളിലായി കോഴിക്കോട് ആസ്പിൻ കോർട്ട് യാർഡ് ഹാളിൽ വച്ച് വിതരണം ചെയ്തു. സി.ഒ.ഡി പ്രൊജക്റ്റ് കോഓർഡിനേറ്റർ സിദ്ധാർഥ്, ഏരിയ കോ–ഓർഡിനേറ്റർ എന്നിവർ പങ്കെടുത്തു.

സാമൂഹിക പ്രവർത്തനത്തിനുള്ള പരിശീലനം

കൊല്ലം കരുനാഗപ്പള്ളി ശ്രീ വിദ്യാധിരാജാ കോളേജ് ഓഫ്

ആർട്സ് & സയൻസ്, കണ്ണൂർ പിലാത്തറ സെന്റ് ജോസഫ് കോളജ്, പെരുമ്പാവൂർ ജയ് ഭാരത് ആർട്സ് & സയൻസ് കോളേജ് എന്നിവിടങ്ങളിൽ നിന്നായി 10 വിദ്യാർത്ഥികൾ ആടണ, ങടണ കോഴ്സിന്റെ ഭാഗമായി ഒരു മാസത്തെ പരിശീലനവും സർട്ടിഫിക്കറ്റും നേടി. ഗ്രാമവികസന സമിതികൾ, എംസിസി, സ്വാശ്രയ സംഘങ്ങൾ എന്നിവിടങ്ങൾ സന്ദർശിച്ചു ഇഛഉ ഏരിയ കോഓർഡിനേറ്റർ മാരുടെ നേതൃത്വത്തിൽ പഠനങ്ങൾ നടത്തുകയും, വിവിധ വിഷയങ്ങളെ ക്കുറിച്ചു ക്ലാസ്സുകൾ നല്കുകയും ചെയ്തു. COD പ്രൊജക്റ്റ് കോ- ഓർഡിനേറ്റർ, പ്രോഗ്രാം കോ-ഓർഡിനേറ്റർ എന്നിവർ നേതൃത്വം നല്കി.

കാർഷിക വായ്പ വിതരണം

കനറാബാങ്ക് താമരശ്ശേരി സി.ഒ.ഡി. യുമായി സഹകരിച്ചു താമരശ്ശേരി രൂപതയുടെ കീഴിൽ വിവിധ സ്ഥലങ്ങളിലായി വെറ്റിലപ്പാറ, കൂടരഞ്ഞി, ആനക്കാംപൊയിൽ, കോടഞ്ചേരി, ചക്കിട്ടപാറ, പുതുപ്പാടി, കൂരാച്ചുണ്ട് എന്നിവിടങ്ങളിൽ ജെ.എൽ.ജി. ഗ്രൂപ്പുകൾക്ക് ബാങ്ക് അധികൃ തരുടെ സാന്നിധ്യത്തിൽ 170 ജെ.എൽ.ജി ക്കായി 5 കോടി പത്തു ലക്ഷം രൂപ കാർഷിക വായ്പ വിതരണം നടത്തി.

കാവൽ പദ്ധതി

കോഴിക്കോട് ജില്ല കാവൽ പദ്ധതി (താമരശ്ശേരി, വടകര, കോഴിക്കോട് സിറ്റി), ജുവനൈൽ ജസ്റ്റീസ് ബോർഡ്, ജില്ല ശിശു സംരക്ഷ യൂണിറ്റ് സംയുക്തമായി കുട്ടികൾക്കുവേണ്ടി കരുതലോടെ കാവൽ എന്ന ഏക ദിന ക്ലാസ്സ് സംഘടിപ്പിച്ചു. ബഹുമാനപ്പെട്ട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് ശ്രീമതി രമ്യ കൃഷ്ണൻ ക്ലാസ്സിന് നേതൃത്വം നൽകി. ഡിജിറ്റൽ സേഫ്റ്റിയെ സംബന്ധിച്ച് കോഴിക്കോട് ജില്ല സീനിയർ സിവിൽ പോലീസ് ഓഫീസർ (സൈബർ സെൽ) ശ്രീ. ബിജിത് ക്ലാസ്സ് നയിച്ചു. ജുവനൈൽ ജസ്റ്റീസ് ബോർഡ് മെമ്പർ ശ്രീമതി നജ്മ, എൽ.സി.പി.ഒ. അഡ്വ. പ്രഷീഭ എന്നിവർ പങ്കെടുത്ത ചടങ്ങിൽ കുട്ടികൾക്കായി ക്വിസ് മത്സരം നടത്തുകയും വിജയികളായ കുട്ടികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

**ഫാ. ജോർജ്ജ് ചെമ്പരത്തിക്കൽ**
**ഡയറക്ടർ, വികസനവേദി**

# യേശുനിധി

2024 ഫെബ്രുവരി മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെ ചേർക്കുന്നു..

| | | |
|---|---|---|
| **Education** | | |
| 1 | Chamal | 10,000.00 |
| 2 | Chamal | 8,000.00 |
| 3 | Chempanoda | 15,000.00 |
| 4 | Kodanchery | 10,000.00 |
| 5 | Koorachundu | 15,000.00 |
| 6 | Muthukad | 15,000.00 |
| 7 | Thiruvambady | 8,000.00 |
| **Home** | | |
| 8 | Anackampoil | 8,000.00 |
| 9 | Chakkittappara | 8,000.00 |
| 10 | Chakkittappara | 10,000.00 |
| 11 | Kattipara | 10,000.00 |
| 12 | Pallorkkothu | 12,000.00 |
| 13 | Thekkumkutty | 10,000.00 |
| 14 | Thottumukkam | 20,000.00 |
| 15 | Vettilappara | 10,000.00 |
| **Medical** | | |
| 16 | Kalkundu | 10,000.00 |
| 17 | Karikandanpara | 15,000.00 |
| 18 | Kodanchery | 10,000.00 |
| 19 | Kodanchery | 10,000.00 |
| 20 | Koorachundu | 15,000.00 |
| 21 | Koorachundu | 8,000.00 |
| 22 | Kunduthode | 25,000.00 |
| 23 | Manjumala | 15,000.00 |
| 24 | Manjuvayal | 5,000.00 |
| 25 | Parathode | 15,000.00 |
| 26 | Passukadave | 8,000.00 |
| 27 | Valliyadu | 15,000.00 |
| 28 | Valliyadu | 15,000.00 |
| 29 | Venappara | 10,000.00 |
| 30 | Vettilappara | 10,000.00 |
| 31 | Vilakkamthode | 8,000.00 |
| 32 | Vilakkamthode | 10,000.00 |
| 33 | Vilangad | 8,000.00 |
| | **Total** | **3,81,000.00** |

ഫാ. കുര്യാക്കോസ് മുകാല
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

മാർച്ച്

01–02 അദിലാബാദ് രൂപതയിലെ മിഷൻ പ്രദേശങ്ങൾ സന്ദർശിച്ചു

03 രാവിലെ, കണ്ണൂർ രൂപതയിലെ ഏഴിമല ലൂർദ്ദ് മാതാ ഇടവകയിൽ ഫാ. മൊന്തനാരി എസ്.ജെയുടെ അൻപതാം ചരമ വാർഷികത്തോടനുബന്ധിച്ച് നടന്ന സമൂഹബലിയിൽ പങ്കെടുക്കുകയും മൊന്തനാരി ശില്പം അനാച്ഛാദനം ചെയ്യുകയും ചെയ്തു.

വൈകുന്നേരം, താമരശ്ശേരി രൂപതാഭവനിൽ, പുതുതായി തെരഞ്ഞെടുക്കപ്പെട്ട സി.എസ്.ടി പ്രൊവിൻഷ്യൽ സുപ്പീരിയർ ഫാദർ ജോൺസൺ വരകപ്പറമ്പിലിനെയും ടീമംഗങ്ങളെയും സ്വീകരിച്ചു.

04 രാവിലെ, വേനപ്പാറ സെന്റ് അൽഫോൻസാ ഡയാലിസിസ് സെന്റർ സന്ദർശിച്ചു.

തിരുവമ്പാടി ഫൊറോന വൈദിക മന്ദിരത്തിൽ ഫൊറോനയിലെ വൈദികരെ കാണുകയും ഓരോ ഇടവകയുടെയും അജപാലന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

05 രാവിലെ, മലപ്പുറം ഫൊറോന വൈദിക മന്ദിരത്തിൽ ഫൊറോ നയിലെ വൈദികരെ കാണുകയും ഓരോ ഇടവകയുടെയും അജപാലന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

വൈകുന്നേരം, പൊന്നിയംകുറിശ്ശി തിരുഹൃദയ ഇടവകയിൽ നവീകരിച്ച സിമിത്തേരി വെഞ്ചിരിച്ചു.

05–06 പെരിന്തൽമണ്ണ ഫൊറോന വൈദിക മന്ദിരത്തിൽ ഫൊറോനയിലെ വൈദികരെ കാണുകയും ഓരോ ഇടവകയുടെയും അജപാലന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

06 ഉച്ചകഴിഞ്ഞ്, നെന്മേനി ഇടവകയിൽ പരേതനായ മണ്ണഞ്ചേരി ദേവസ്യയുടെ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

വൈകുന്നേരം, കക്കയത്ത് കാട്ടുപോത്തിന്റെ ആക്രമണത്താൽ കൊല്ലപ്പെട്ട പാലാട്ടിൽ അബ്രാഹത്തിന് നീതി ലഭിക്കുന്നതിനും വന്യജീവി ആക്രമത്തിനുമെതിരെ നടത്തിയ പ്രതിഷേധ പ്രകടനത്തിലും തുടർന്ന് നടന്ന പൊതുസമ്മേളനത്തിലും സംബന്ധിച്ചു.

07 താമരശ്ശേരി ഫൊറോന വൈദിക മന്ദിരത്തിൽ ഫൊറോനയിലെ വൈദികരെ കാണുകയും ഓരോ ഇടവകയുടെയും അജപാലന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

വൈകുന്നേരം, കക്കയത്ത് കാട്ടുപോത്തിന്റെ ആക്രമണത്താൽ കൊല്ലപ്പെട്ട പാലാട്ടിൽ അബ്രാഹത്തിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

08 രാവിലെ, പി.എം.ഒ.സി യിൽ വെച്ച് പ്രീ–കാനാ കോഴ്സിൽ സംബന്ധിച്ചവർക്ക് വേണ്ടി വിശുദ്ധ കുർബാന അർപ്പിച്ച് ക്ലാസ്സെടുത്തു.

പാറോപ്പടി എം.എസ്.എം.ഐ. പ്രവിശ്യാ ഭവനത്തിൽ സിനാക്സിസിൽ സംബന്ധിച്ച അംഗങ്ങളെ അഭിസംബോധന ചെയ്തു.

വൈകുന്നേരം, താമരശ്ശേരി രൂപതാ ഭവനിൽ താമരശ്ശേരി അഗ്രികൾച്ചറൽ ഫാർമേഴ്സ് സോഷ്യൽ വെൽഫയർ കോഓപ്പറേറ്റീവ് സൊസൈറ്റിയുടെ (TAFCOS) എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു.

ആരാധന സന്യാസിനി സമൂഹത്തിന്റെ മദർ ജനറാൾ സി. റോസിലി ജോസ് ഒഴുകയിലിനെ രൂപതാഭവനിൽ സ്വീകരിച്ചു.

09 രാവിലെ, മുക്കം തിരുഹൃദയ ദേവാലയത്തിൽ പരേതനായ ശ്രീ. കിഴക്കരക്കാട്ട് കെ. ഒ. ജോസഫിന്റെ (കുഞ്ഞേട്ടൻ) 41–ാംചരമ ദിനത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിച്ചു.

ഉച്ചയ്ക്ക്, താമരശ്ശേരി മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ, അഖില കേരള കത്തോലിക്ക കോൺഗ്രസിന്റെ താമരശ്ശേരി രൂപതാ ഘടകത്തിന്റെ വാർഷിക ജനറൽ ബോഡി യോഗം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, കോഴിക്കോട് വെച്ച് നടന്ന ദീപികയുടെ 137–ാം വാർഷികത്തിനും, ഗോവ ഗവർണർ അഡ്വ. പി.എസ്. ശ്രീധരൻ പിള്ള ഉദ്ഘാടനം നിർവ്വഹിച്ച അനുമോദനചടങ്ങിനും ആധ്യക്ഷം വഹിച്ചു.

10–15 മലയാറ്റൂർ, മൗണ്ട് കാർമൽ മഠത്തിൽ സന്യാസിനികൾക്ക് ധ്യാനം നൽകി.

15 ഉച്ചകഴിഞ്ഞ്, കറുകുറ്റി ക്ലരീഷ്യൻ പ്രവിശ്യാ ഭവനത്തിൽ വെച്ച് നടന്ന ഇൻഫാം നാഷണൽ എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു.

16 രാവിലെ, താമരശ്ശേരി സനാതന മേജർ സെമിനാരിയിൽ ഏതാനും വൈദികാർത്ഥികൾക്ക് അഭിവന്ദ്യ മാർ ജോസഫ് അരുമച്ചാടത്ത് പിതാവിനോടൊപ്പം മ്ശംശാന പട്ടം നല്കി.

രാവിലെ, താമരശ്ശേരി രൂപതാ ഭവനിൽ ലിറ്റർജി കമ്മിറ്റി മീറ്റിങ്ങിൽ സംബന്ധിച്ചു.

17 രാവിലെ, പുല്ലൂരാംപാറ സെൻറ് ജോസഫ് ദേവാലയത്തിൽ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുന്നാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും നവീകരിച്ച സിമിത്തേരി വെഞ്ചിരിക്കുകയും ചെയ്തു.

പുല്ലൂരാംപാറ സെന്റ് അൽഫോൻസാ ആശുപത്രിയിൽ ബഹുമാനപ്പെട്ട തോമസ് കുടിയിരിക്കൽ അച്ചന്റെ ചികിത്സയിൽ ആയിരിക്കുന്ന പിതാവിനെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

മാങ്കാവ് സെൻറ് ജോസഫ് ദേവാലയത്തിൽ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലി അർപ്പിച്ചു.

വൈകുന്നേരം, കോരങ്ങാട് എസ്.എം.എം.ഐ സന്യാസിനി ഭവനത്തിൽ ഏതാനും സന്ന്യാസാർഥിനികളുടെ പോസറ്റുലൻസി പ്രവേശനത്തോടനുബന്ധിച്ച് ദിവ്യബലി അർപ്പിക്കുകയും ചടങ്ങുകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

18 രാവിലെ, താമരശ്ശേരി രൂപതാഭവനിൽ രൂപതയ്ക്കുവേണ്ടി വിവിധ മേജർ സെമിനാരികളിൽ പരിശീലനം നേടുന്ന വൈദിക വിദ്യാർത്ഥികളുമായി വ്യക്തിപരമായി കൂടിക്കാഴ്ച നടത്തുകയും പഠനപുരോഗതി വിലയിരുത്തുകയും ചെയ്തു.

വൈകുന്നേരം, കൂരാച്ചുണ്ട് സെൻറ് തോമസ് ഫൊറോന ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് ഏൽ-റൂഹ ബൈബിൾ കൺവെൻഷൻ തിരിതെളിച്ച് ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

19 രാവിലെ, താമരശ്ശേരി രൂപതാഭവൻ കപ്പേളയിൽ വി. യൗസേപ്പിതാവിന്റെ തിരുന്നാളിനോടനുബന്ധിച്ച് ദിവ്യബലിയിൽ പങ്കെടുക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു.

താമരശ്ശേരി രൂപതാഭവനിൽ താമരശ്ശേരി രൂപതാ പ്രോ-ലൈഫ് എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു.

വൈകുന്നേരം, കുന്ദമംഗലം ആൽഫ മരിയ അക്കാദമിയുടെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തു.

മലാപ്പറമ്പ് സെന്റ് ജോസഫ് ഓഫ് ലിയോൺസ് സന്യാസിനീ ഭവനത്തിൽ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിനോ ടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിച്ചു.

20 രാവിലെ, ചുണ്ടത്തുംപൊയിലിൽ പരേതയായ സിജി തോമസിന്റെ

ഭവനം സന്ദർശിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

തോട്ടുമുക്കം ഫൊറോന വൈദിക മന്ദിരത്തിൽ ഫൊറോനയിലെ വൈദികരെ കാണുകയും ഓരോ ഇടവകയുടെയും അജപാലന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

വൈകുന്നേരം, ചെമ്പനോട ഇടവകയിൽ, ബഹു. തോമസ് പുത്തേട്ടുപടവിൽ അച്ചന്റെ പരേതനായ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

വൈകുന്നേരം, ചെമ്പനോടയിൽ ബഹു. അഗസ്റ്റിൻ കിഴക്കരക്കാട്ട് അച്ചന്റെ ഭവനം സന്ദർശിച്ചു.

ചക്കിട്ടപാറ ഇടവകയിൽ പരേതനായ ചന്ദ്രൻകുന്നേൽ സൂരജിന്റെ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

21രാവിലെ, താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ താമരശ്ശേരി രൂപതയ്ക്കുവേണ്ടി വൈദിക പരിശീലനം നേടുന്നവർക്ക് കാറോയ, ഹെവ്പദ്യാക്ക്ന, മ്ശംശാന പട്ടങ്ങൾ നല്കി.

താമരശ്ശേരി അൽഫോൻസ ആർക്കേഡിൽ ലീഡർഷിപ്പ് ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ (എൽ.ഡി.എസ്) പുതിയ ഓഫീസ് ഉദ്ഘാടനം ചെയ്തു.

കോഴിക്കോട് സ്റ്റാർട്ടിൽ ഏകവത്സര കോഴ്സിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.

ഉച്ചയ്ക്ക്, തിരുവമ്പാടി അൽഫോൻസ കേളേജിൽ തിരുവമ്പാടി എം.എൽ.എ. ശ്രീ. ലിന്റോ ജോസഫിന്റെ നേതൃത്വത്തിൽ, കുട്ടികളുടെ ഉന്നതവിദ്യാഭ്യാസത്തിന് വേണ്ടി നടത്തുന്ന ഉയിരെ പരിപാടി ഉദ്ഘാടനം ചെയ്തു.

താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ നിന്നാരംഭിച്ച 7–ാമത് കുളത്തുവയൽ തീർത്ഥാടനത്തിന് നേതൃത്വം നൽകി.

22 രാവിലെ, താമരശ്ശേരിയിൽ നിന്നും 35 കി.മീ. വിശ്വാസികളോടൊപ്പം നടക്കുകയും തീർത്ഥാടന സമാപനത്തിൽ വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തു.

23 രാവിലെ, കരിയാത്തുംപാറ ഇടവകയിൽ നവീകരിച്ച മദ്ബഹ പുനർകൂദാശ ചെയ്യുകയും വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തു.

രൂപതാഭവനിൽ വെച്ച് നടന്ന താമരശ്ശേരി രൂപത ദീപിക ഫ്രണ്ട്സ് ക്ലബിന്റെ എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ സംബന്ധിച്ചു.

24 താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ ഓശാന ഞായർ തിരു

ക്കർമ്മങ്ങൾക്ക് കാർമ്മിത്വം വഹിച്ചു.
വൈകുന്നേരം, മണിമൂളിയിൽ, കെ.സി.വൈ.എം. മണിമൂളി മേഖലയുടെ ആഭിമുഖ്യത്തിൽ നടന്ന കുരിശിന്റെ വഴിയുടെ സമാപനത്തിൽ സന്ദേശം നൽകി.
25 രാവിലെ, താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ നടന്ന വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിക്കുകയും മൂറോൻ വെഞ്ചരിപ്പ് കർമ്മങ്ങൾക്ക് നേതൃത്വം നൽകുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

വൈകുന്നേരം, പുല്ലൂരാംപാറ ബഥാനിയായിൽ ധ്യാനത്തിൽ സംബന്ധിക്കുന്നവർക്കുവേണ്ടി വി. കുർബ്ബാന അർപ്പിച്ചു.



# *ANGELUS*

***Saint Peter's Square***

## *Sunday, 21 January 2024*

In principle, God would not need us, but He does, despite the fact that it involves taking on many of our limitations: we are all limited, or rather sinners, and He takes this on. Look, for example, at how much patience He had with the disciples: often they did not understand His words (cf. Lk 9:51-56), at times they do not agree among themselves (cf. Mk 10:41), for a long time they are unable to accept some essential aspects of His preaching, such as service (cf. Lk 22:27). And yet Jesus chose them and continued to believe in them. This is important: the Lord chose us to be Christians. And we are sinners, we commit one after the other, but the Lord continues to believe in us. This is wonderful.

In effect, bringing God's salvation to everyone was for Jesus the greatest joy, His mission, the meaning of His existence (cf. Jn 6:38), or, as He says, his food (cf. Jn 4:34). And in every word and deed with which we join with Him, in the beautiful adventure of giving love, light and joy multiply (cf. Is 9:2): not only around us, but also in us. To proclaim the Gospel, then, is not wasted time: it is being happier by helping others to be happy; it is to free ourselves by helping others to be free; it is becoming better by helping others to be better!

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 30-03-2024 |



Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 26, Issue 04, April 2024, Pages 60.